വില ₹ 40 (ഒറ്റപ്രതി) | ₹ 400 (വാർഷിക വരിസംഖ്യ)

2021
നവംബർ

Coirfed

# കയർ
## വ്യവസായം

(ഒരു കയർഫെഡ് പ്രസിദ്ധീകരണം)



### കയർ വ്യവസായത്തിന്റെ നാൾവഴികൾ –2

# വിസ്മയകരമായ വളർച്ച, വിസ്തൃതമായ സാധ്യതകൾ

ഒരു കേരള സർക്കാർ പൊതുമേഖലാ സ്ഥാപനം

# Coirfed

'ആഘോഷം ഏതുമാവട്ടെ അനുയോജ്യ സമ്മാനം കയർഫെഡ് മെത്തകൾ തന്നെ'



*ഈ ഓഫർ നിബന്ധനകൾക്ക് വിധേയം

## അവിശ്വസനീയമായ ഓഫറുകളുമായി കയർഫെഡ്..!


കയർഫെഡ് ഉൽപ്പന്നങ്ങൾക്കായി തൊട്ടടുത്ത ഷോറൂം സന്ദർശിക്കുക!




Cocofert



Mattings



Tiles

**Customer Care Number : 0477 2243627**




Mats




Briquette



Coco Pot

**THE KERALA STATE CO-OPERATIVE COIR MARKETING FEDERATION Ltd.** P.B.No.4616, Alappuzha,Kerala, India

**Tel: 0477 2243627, 2243628 , 2243629** www.coirfed.in, www.coirfed.kerala.gov.in, Email: coirfedho@gmail.com, mdcoirfed@gmail.com

**Head Office. No : +91 8281009840, +91 8281009828, +91 9495605091** | **Alappuzha :** 8281009856 | **Chalakkudy :** 8281009859 | **Chengannur :** 8281009854 | **Ernakulam :** 8281009858 | **Kannur :** 8281009864 | **Kayamkulam :** 8281009850 | **Kollam :** 8281009849 | **Kottayam :** 8281009857 | **Kozhikode :** 8281009863 | **Malappuram :** 8281009862 **Mavelikkara :** 8281009852 | **Nangiyarkulangara :** 8281009853 | **Narmada (Tvm) :** 8281009845 | **Parippally :** 8281009848 | **Palakkad :** 8281009826 | **Sulthan Batherry :** 8281009865 | **Thrissur :** 8281009860 | **Tirur :** 8281009861 | **Trida (Tvm) :** 8281009846 | **Ananthapuri :** 8281009847 | **Pathanamthitta :** 8281009873 | **Sreekayam :** 9349109251

കയർ വ്യവസായം

# ഉള്ളടക്കം

**Vol-5, No.-4**
Established in 1998
Founder Chief Editor:
**Anathalavattom Anandan**

*Chief Editor:*
**Adv. N. Saikumar**

*Editorial Board*
**Joshy Abraham**
**S.L. Sajikumar**
**V.S. Money**
**Rema Madanan**
**C. Sureshkumar**

*Managing Editor*
**B. Sunil**

*Editorial Assistants*
**N.S. Mohandas**
**V.N. Sasikumar**
**M. Arunkumar**
**P. Prajeesh**
**S. Saneesh**
**P.V. Venugopal**

*Design & layout*
**Kilikood**
**Ph: 9142142400**
**kilikoodalpy@gmail.com**

PAGE 06



കയർ വ്യവസായത്തിന്റെ നാൾവഴികൾ:
വിസ്മയകരമായ വളർച്ച,
വിസ്തൃതമായ
സാധ്യതകൾ

PAGE 12



കേരം തിങ്ങും
കേരള ഭാഷ

PAGE 20



ലക്ഷ്യം കയർ മേഖലയുടെ
സമഗ്ര വികസനം:
മന്ത്രി പി. രാജീവ്

PAGE 21



കയർ ഭൂവസ്ത്ര പദ്ധതി,
കയർ വ്യവസായത്തിന്
പുത്തൻ ഉണർവ് നൽകി:
പി.രാജീവ്

PAGE 22



കയർ ഭൂവസ്ത്ര
വിനിയോഗം
അവലോകന
സെമിനാറുകൾ – 2

**ലേഖകരുടെ അഭിപ്രായങ്ങൾ
കയർഫെഡിന്റേതായിരിക്കണമെന്നില്ല. അവയുടെ
ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും.**

ചിത്രങ്ങൾക്ക് വിവിധ വെബ്സൈറ്റുകളോട് കടപ്പാട്

**The Kerala State Co-Operative Coir Marketing Federation Ltd.**
No. 679 (COIRFED), PB No. 4616, Alappuzha - 688012
Tel: 0477 2243627, 2243628, 2243629, 2244109(D). www.coirfed.com
**Email: coirfedho@gmail.com, coirfedprd@gmail.com**





# എഡിറ്റോറിയൽ

എഡിറ്റോറിയൽ

## കയർ ഭൂവസ്ത്ര വിനിയോഗം; സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണം.

**കേ**രളത്തിന്റെ തീരദേശ ഗ്രാമങ്ങളിലെ ജനങ്ങളുടെ ജീവനോപാധിയായ കയർ വ്യവസായം വീണ്ടെടുപ്പിന്റെ കാലഘട്ടത്തിലൂടെയാണ് കടന്നു പൊയ്ക്കൊണ്ടിരിക്കുന്നത്. ഗുണമേന്മയുള്ളതും ദീർഘകാലം ഈടുനിൽക്കുന്നതുമായ ചകിരി നാരുകൾ ഉപയോഗിച്ച് നിർമ്മിക്കുന്ന കയർ ഭൂവസ്ത്രമാണ് വീണ്ടെടുപ്പിന്റെ കാലത്ത് കയർ മേഖലയുടെ നട്ടെല്ലായി മാറിയിട്ടുള്ളത്.

ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ച് നടപ്പിലാക്കിയ രണ്ടാം കയർ പുനസംഘടനാ പദ്ധതിയുടെ ഫലമായി കയർ ഉത്പാദനം ഗണ്യമായി വർധിച്ചു. ആധുനികവത്ക്കരണത്തിന്റെയും യന്ത്രവത്കരണത്തിന്റെയും ഫലമായാണ് കയർ ഉത്പാദനം മെച്ചപ്പെട്ടത്. ഉത്പാദനം വർധിപ്പിക്കുന്നതിന് അനുസരിച്ച് വിപണനവും വർദ്ധിക്കേണ്ടിയിരിക്കുന്നു

കയറിന്റെ പുത്തൻ ഉപയോഗ മേഖലയിൽ സുപ്രധാനമായ ഒരു ഉത്പന്നമായി കയർ ഭൂവസ്ത്രം മാറിക്കഴിഞ്ഞു. കയർ ഭൂവസ്ത്രത്തിന്റെ ഉപയോഗ സാധ്യതകൾ ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുള്ളതും ലോകമൊട്ടാകെതന്നെ അംഗീകരിക്കപ്പെട്ടതുമാണ്. കൃഷി, മണ്ണ് സംരക്ഷണം, റോഡ് നിർമ്മാണം, തോടുകളുടെയും കുളങ്ങളുടെയും തിട്ട സംരക്ഷണം എന്നീ മേഖലകളിൽ എല്ലാം വിനിയോഗിക്കാവുന്ന പരിസ്ഥിതി സൗഹൃദപരമായ ഒരു ഉത്പന്നം കൂടിയാണ് കയർ ഭൂവസ്ത്രം.

ഭൂവസ്ത്രത്തിന്റെ ഈ സാധ്യതകൾ കണ്ടുകൊണ്ടാണ് 2017ലെ കയർ കേരളയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കയർ ഭൂവസ്ത്രം വിനിയോഗിക്കാനുള്ള പദ്ധതി ആരംഭിച്ചത്. ഇതിനകം നൂറുകോടിയിൽ പരം രൂപയുടെ കയർ ഭൂവസ്ത്രം ഈ പദ്ധതി വഴി വിനിയോഗിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ കോവിഡ് മഹാമാരി

യുടെ രണ്ടാം തരംഗം തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനങ്ങളെയും നിശ്ചലമാക്കിയിരിക്കുകയാണ്. ഇത് ഭൂവസ്ത്ര വിനിയോഗത്തിനെയും സാരമായി ബാധിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി കയർഫെഡ് സംഭരിച്ച എ.എസ്.എം കയർ വിറ്റഴിക്കാതെ കെട്ടിക്കിടക്കുന്ന അവസ്ഥയുമായി. ഈ സാഹചര്യത്തിലാണ് സംസ്ഥാന സർക്കാർ മുൻകൈയെടുത്ത് എല്ലാ ജില്ലകളിലും സെമിനാർ സംഘടിപ്പിച്ച് പ്രവർത്തനം ഊർജ്ജിതപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിച്ചത്.

പൊതുമരാമത്ത് റോഡുകളുടെ പുനർനിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കും ദേശീയ കയർ റിസർച്ച് ആൻഡ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സർട്ടിഫിക്കേഷനോടുകൂടി ഗുണനിലവാരമുള്ള കയർ ഭൂവസ്ത്രം ഉപയോഗിക്കണമെന്ന് സർക്കാർ ഉത്തരവായിരുന്നു. (സ.ഉ.(സാധാ)നം.872/2019/പൊ.മ.വ തീയതി 12.07.2019). ഇത്തരത്തിൽ റോഡ് നിർമാണത്തിന് കയർഫെഡ് ഉൾപ്പെടെയുള്ള കയർ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും കയർ ഭൂവസ്ത്രം വാങ്ങി ഉപയോഗിക്കണമെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നു.

എന്നാൽ കരാറുകാർ കേരളത്തിലെ കയർ ഭൂവസ്ത്രം വിനിയോഗിക്കുന്നതിൽ വിമുഖത കാണിക്കുകയാണ് ചെയ്യുന്നത്. ഈ സാഹചര്യത്തിൽ കേരളത്തിലെ കയർഭൂവസ്ത്രം പൊതുമരാമത്ത് റോഡ് നിർമാണത്തിന് വിനിയോഗിക്കുന്നതിനുള്ള നടപടികൾക്കായി കയർഫെഡ് ചെയർമാൻ എന്ന നിലയിൽ സംസ്ഥാന പൊതുമരാമത്ത് മന്ത്രിയ്ക്ക് നിവേദനവും നൽകിയിരുന്നു. അന്യസംസ്ഥാനങ്ങളിൽനിന്നും ലഭിക്കുന്ന വിലകുറഞ്ഞ യന്ത്ര കയർ വിനിയോഗിച്ച് നിർമ്മിക്കുന്ന ഭൂവസ്ത്രം ലഭിക്കുന്ന സാഹചര്യത്തിലാണ് കേരളത്തിലെ കയർ ഭൂവസ്ത്രം വാങ്ങി വിനിയോഗിക്കാത്തതെന്നാണ് പ്രാഥമികമായി മനസ്സിലാക്കുന്നത്. ഈ സാഹചര്യത്തിൽ പൊതുമരാമത്ത് റോഡ് നിർമാണത്തിന് ആവശ്യമായ കയർ ഭൂവസ്ത്രം 10% പ്രത്യേക വിലക്കുറവിൽ നൽകുവാൻ കയർഫെഡ് തയാറായിട്ടുണ്ട്.

കൂടാതെ കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിന് കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിന് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയവും തീരുമാനിച്ചിട്ടുണ്ട്. ഇതിനു പുറമേ നഗരകാര്യ വകുപ്പിന്റെ കീഴിലുള്ള അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി (എ.യു.ഇ.ജി.എസ്) വഴി മണ്ണ്, ജലസംരക്ഷണത്തിന് കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിനുള്ള നടപടികൾക്കായി അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി പ്രോജക്ട് ഓഫീസർക്കും കയർഫെഡ് ചെയർമാൻ എന്ന നിലയിൽ വിശദമായ കത്ത് നൽകുകയും ആയത് അനുഭാവപൂർവ്വം പരിഗണിച്ചു വരികയുമാണ്.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് പുറമേ പൊതുമരാമത്ത് റോഡ് നിർമ്മാണത്തിനും കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഗ്രാമീണ റോഡ് നിർമ്മാണത്തിനും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ കേരളത്തിലെ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും കയർ ഭൂവസ്ത്രം ഉപയോഗിക്കാനുള്ള ഇടപെടൽ ഉണ്ടായാൽ അത് കയർ വ്യവസായ മേഖലയ്ക്ക് കൂടുതൽ കരുത്തു പകരുകയും അതോടൊപ്പംതന്നെ നമ്മുടെ മണ്ണിന്റേയും ജലത്തിന്റെയും റോഡിന്റെയും സംരക്ഷണം ഉറപ്പുവരുത്തുകയും ചെയ്യും. ആയതിലേയ്ക്ക് ഏവരുടെയും സത്വരശ്രദ്ധ പതിയണമെന്ന് അഭ്യർത്ഥിക്കുന്നു.

**അഡ്വ. എൻ.സായികുമാർ**
ചീഫ് എഡിറ്റർ

# കയർ വ്യവസായത്തിന്റെ നാൾവഴികൾ – 2

**കയർഫെഡിലെ നിയമനം 1995 ലാണ് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരമാക്കിക്കൊണ്ട് സർക്കാർ നിയമം നടപ്പിലാക്കിയത്. 2017 ൽ കയർഫെഡിന്റെ നിയമന ചട്ടം അംഗീകരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചു. തുടർന്ന് കയർഫെഡിലെ ഒഴിവുകൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യുകയും പി.എസ്.സി പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതനുസരിച്ച് സെയിൽസ് അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിലേയ്ക്ക് പി.എസ്.സി നിയമന ശുപാർശ നൽകുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ നിയമിതരായ ജീവനക്കാർക്ക് തിരുവനന്തപുരം നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ വെച്ച് 9 ദിവസത്തെ പരിശീലനക്കളരി (Residential training programme) നടത്തി. ഈ പരിശീലന പരിപാടിയിൽ വിവിധ വിഷയങ്ങളെ അധികരിച്ച് പ്രഗത്ഭരായവർ ക്ലാസുകളെടുത്തു. പരിശീലന പരിപാടിയുടെ ഭാഗമായി കയർഫെഡ് പ്രസിഡന്റ് ചെയ്ത പ്രഭാഷണത്തിന്റെ ആദ്യഭാഗം കഴിഞ്ഞ ലക്കം കയർ വ്യവസായം മാസികയിൽ പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത ലേഖനത്തിന്റെ രണ്ടാം ഭാഗമാണ് ഇവിടെ പ്രസിദ്ധീകരിക്കുന്നത്.**



**അഡ്വ.എൻ. സായികുമാർ**
പ്രസിഡന്റ്, കയർഫെഡ്

# വിസ്മയകരമായ വളർച്ച, വിസ്തൃതമായ സാധ്യതകൾ




*കയർബോർഡ് കൊച്ചി ആസ്ഥാന മന്ദിരം*

**ക**യർ രംഗത്ത് ഇന്നുണ്ടായിട്ടുള്ള വിസ്മയകരമായ വളർച്ചക്ക് അസ്തിവാരമിടുന്നതിൽ നിരവധി ഭരണ കർത്താക്കൾ, നേതാക്കൾ, അവരുടെ നേതൃത്വത്തിലുണ്ടായ നിരവധി നിയമ നിർമ്മാണങ്ങൾ, കമ്മറ്റികൾ, കമ്മീഷനുകൾ എന്നിവയെല്ലാം നിർണായകമായ പങ്കാണ് വഹിച്ചിട്ടുള്ളത്. അവർ നിർമ്മിച്ച ഉരുക്കുപോലെ ഉറച്ച അടിത്തറയിൽ പുതിയ കാലത്തിന്റെ വിസ്തൃതമായ സാധ്യതകളിലേക്ക് കുതിക്കാനാണ് കാലം നമ്മോട് ആവശ്യപ്പെടുന്നത്.

## കയർ ബോർഡ് രൂപീകരണം

മഹാനായ എ.കെ.ജിയുടെ ശ്രമഫലമായി കയർ ബോർഡിന്റെ രൂപീകരണ ലക്ഷ്യങ്ങളിൽ തന്നെ കയർപിരി മേഖലയുടെ സംരക്ഷണം ഉൾക്കൊള്ളിക്കുന്നതിന് ആവശ്യമായ വ്യവസ്ഥകൾ 1953ലെ കയർ വ്യവസായ നിയമത്തിൽ (Coir industry act) ഉൾപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. മാത്രമല്ല കയർ ബോർഡിന്റെ ആസ്ഥാനം കേരളത്തിൽ തന്നെ സ്ഥാപിക്കുന്നതിനും എ.കെ.ജിയുടെ ശക്തമായ സമ്മർദ്ദമുണ്ടായിരുന്നു.

രണ്ടാം ഇ.എം.എസ് സർക്കാരിലെ വ്യവസായ മന്ത്രിയായിരുന്ന ടി.വി. തോമസാണ് കയർ മേഖലയുടെ സമൂലമായ പുനഃസംഘടനയ്ക്കാവശ്യമായ 'കയർ പുനഃസംഘടന' പദ്ധതിയ്ക്ക് രൂപം നൽകിയത്. കയർ പുനഃസംഘടനാ പദ്ധതിയുടെ ഭാഗമായി അവശ്യവസ്തു



എ.കെ.ജി ഇ.എം.എസ് ടി.വി.തോമസ്

സംരക്ഷണ നിയമത്തിൽ ഉൾപ്പെടുത്തി തൊണ്ടിന് വില നിയന്ത്രണം ഏർപ്പെടുത്തുന്നതിനുവേണ്ടി ആ സർക്കാർ ഉത്തരവിറക്കി. തൊണ്ട് അവശ്യവസ്തുവായി പ്രഖ്യാപിച്ചുകൊണ്ട് 1968ലാണ് വിജ്ഞാപനം പ്രസിദ്ധീകരിച്ചത്. കയർ പുനഃസംഘടനാ പദ്ധതിയുടെ ഭാഗമായിട്ടാണ് കയർ വകുപ്പിൽ ഉണ്ടായിരുന്ന ദ്വിതല (two tier) ആഫീസ് സംവിധാനം ത്രിതല (three tier) സംവിധാനമായി മാറുന്നത്.

നേരത്തെ കയർ വികസന ഡയറക്ടറേറ്റും കയർ ഇൻസ്പെക്ടർ ആഫീസുമാണ് ഉണ്ടായിരുന്നത്. ഇതിനുപുറമേയാണ് മധ്യതല ആഫീസായി കയർ പ്രോജക്ട് ആഫീസുകൾ ഉൾപ്പെടുത്തി ത്രിതല സംവിധാനം ആരംഭിച്ചത് കയർ പുനഃസംഘടനാ പദ്ധതിയുടെ ഭാഗമായിട്ടായിരുന്നു. കയർ പ്രോജക്ട് ആഫീസുകളുടെ പ്രധാന ചുമതല തൊണ്ടു നിയന്ത്രണ ഉത്തരവ് നടപ്പിലാക്കുകയും കയർ വികസന രംഗത്ത് തൊണ്ട് ലഭ്യത ഉറപ്പുവരുത്തുന്നതിന്റെ ഉത്തരവാദിത്വവുമായിരുന്നു. കയർ പുനഃസംഘടനാ പദ്ധതിയുടെ ഭാഗമായി കയർഫെഡ് രൂപീകരിക്കുവാനുള്ള പദ്ധതിയും ലക്ഷ്യമിട്ടിരുന്നു. അന്ന് നിലവിലുണ്ടായിരുന്ന നാല് സെൻട്രൽ കയർ മാർക്കറ്റിംഗ് സംഘങ്ങളെ സംയോജിപ്പിച്ച് കയർഫെഡ് രൂപീകരിക്കുന്നതിനുള്ള പദ്ധതിയാണ് രണ്ടാം ഇ.എം.എസ് സർക്കാർ മുന്നോട്ടുവെച്ചിരുന്നത്. ഉത്പാദന ചെലവിന് അനുസരണമായി വില കയറിനും കയറുത്പന്നങ്ങൾക്കും നൽകണമെന്നുള്ള വിഖ്യാതമായ ശുപാർശ അംഗീകരിക്കുന്നത് അക്കാലയളവിലാണ്. മാർക്കറ്റ് വിലയ്ക്ക് അനുസരണമായി വിപണനം നടത്തുമ്പോൾ കയറിനും കയറുത്പന്നങ്ങൾക്കും ഉണ്ടാകുന്ന നഷ്ടം നികത്തുന്നതിന് വില വ്യതിയാന ഫണ്ട് (price fluctuation fund) എന്ന പദ്ധതി ആരംഭിക്കുന്നതും കയർ പുനഃസംഘടനാ പദ്ധതിയുടെ ഭാഗമായിട്ടായിരുന്നു.

ഹസ്ക്ക് കൺട്രോൾ ഓർഡർ 1976ൽ ഇറങ്ങുകയും തൊണ്ടിന് ലെവി ഏർപ്പെടുത്തുകയും ചെയ്തു. ആദ്യം സിംഗിൾ പോയന്റിൽ ലെവിയായിരുന്നത് പിന്നീട് ത്രീ പോയിന്റ് ലെവിയാക്കി മാറ്റി. സംഭരിക്കുന്ന തൊണ്ടിന്റെ മൂന്നിൽ ഒന്ന് കയർപിരി സംഘങ്ങൾക്ക് നൽകണമെന്ന് വ്യവസ്ഥ ചെയ്തു. ഇതിന്റെ ഫലമായി തൊണ്ടിന് ഇരട്ടവില (dual price) സമ്പ്രദായം വ്യാപകമായി.



കയർ മേഖലയുടെ നവീകരണത്തിനായി 1973 ൽ പ്ലാനിംഗ് കമ്മീഷന്റെ ആഭിമുഖ്യത്തിൽ പ്ലാനിംഗ് കമ്മീഷൻ അംഗമായിരുന്ന ശിവരാമന്റെ നേതൃത്വത്തിൽ ഒരു കമ്മീഷനെ നിയോഗിക്കുകയുണ്ടായി. ഈ കമ്മീഷൻ കേരളത്തിൽ കയർ മേഖലയിലെ തൊഴിലാളികളുടെ ബാഹുല്യം പ്രത്യേകം എടുത്തു പറഞ്ഞിരുന്നു. മാത്രമല്ല കയർ മേഖലയിൽ യന്ത്രവത്ക്കരണത്തിന് എതിരായ ശുപാർശയാണ് ശിവരാമൻ കമ്മീഷൻ കേന്ദ്രസർക്കാരിന് സമർപ്പിച്ചത് എന്ന കാര്യവും പ്രസക്തമാണ്. അക്കാലത്ത് കയർ മേഖലയിൽ ധാരാളം തൊഴിലാളികൾ ഉണ്ടായിരുന്നു. ഈ പരിതസ്ഥിതിയിൽ യന്ത്രവത്ക്കരണം തൊഴിലാളികളുടെ തൊഴിൽ നഷ്ടത്തിന് കാരണമാകുമെന്ന് കണ്ട് യന്ത്രവത്ക്കരണത്തിന് എതിരായ നിലപാടാണ് അക്കാലത്ത് കമ്മീഷൻ സ്വീകരിച്ചതെന്നും കാണാൻ കഴിയും.

1980 ലെ ഒന്നാം നായനാർ സർക്കാരിന്റെ കാലത്താണ് കയർ പിരി മേഖലയിൽ ധാരാളം തൊഴിലാളി സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നത്. 1987 ലെ രണ്ടാം നായനാർ സർക്കാരിന്റെ കാലത്താണ് കേരള സംസ്ഥാന കയർ തൊഴിലാളി ക്ഷേമനിധി നിയമം പാസ്സാക്കുന്നത്. കേരളത്തിലെ 60 വയസ് കഴിഞ്ഞ കയർ തൊഴിലാളികൾക്ക് പെൻഷൻ അനുവദിച്ച് നൽകുന്നതും അക്കാലത്താണ്. 1987 ലെ സർക്കാരിൽ വ്യവസായ മന്ത്രിയായിരുന്ന കെ.ആർ.



*ഇ.കെ.നായനാർ*



*കെ.ആർ. ഗൗരിയമ്മ*

ഗൗരിയമ്മ മുൻകൈയെടുത്താണ് ഡോ.ടി.എം. തോമസ് ഐസക് അദ്ധ്യക്ഷനായി ഒരു സ്പെഷ്യൽ ടാസ്ക്ക് ഫോഴ്സിനെ നിയോഗിക്കുന്നത്. ഈ സ്പെഷ്യൽ ടാസ്ക്ക് ഫോഴ്സാണ് കയർപിരി മേഖലയിൽ ആദ്യമായി യന്ത്രവത്ക്കരണം ശുപാർശ ചെയ്യുന്നത്. ആ കമ്മറ്റിയിൽ അംഗങ്ങളായിരുന്ന തൊഴിലാളി യൂണിയൻ നേതാക്കളായിരുന്ന സുശീലാഗോപാലൻ, ആനത്തലവട്ടം ആനന്ദൻ, എം.ടി.ചന്ദ്രസേനൻ, ടി.കെ.സദാനന്ദൻ എന്നിവർ യഥാക്രമം പ്രതിനിധാനം ചെയ്യുന്ന CITU, AITUC, INTUC തുടങ്ങിയ തൊഴിലാളി യൂണിയനുകളും തത്വത്തിൽ യന്ത്രവത്ക്കരണം അംഗീകരിക്കുന്നത് അക്കാലത്താണ്. ഇവരുടെ പിൻതുണയോടുകൂടിയാണ് ഡോ.തോമസ് ഐസക് അദ്ധ്യക്ഷനായ സ്പെഷ്യൽ ടാസ്ക്ക് ഫോഴ്സ് യന്ത്രവത്ക്കരണത്തിന് അനുകൂലമായ ശുപാർശ സമർപ്പിക്കുന്നത്.

1987 ലെ നയനാർ സർക്കാരിന്റെ കാലത്താണ് കയർ തൊഴിലാളി സെൻസസ് ഏർപ്പെടുത്തുന്നത്. 3.83 ലക്ഷം തൊഴിലാളികൾ കയർ മേഖലയിൽ ഉണ്ടെന്ന് കണ്ടെത്തുന്നത് ഈ സെൻസസിലൂടെയാണ്. ഇതിൽ 2.29 ലക്ഷം പേരും വിവിധ കയർപിരി സംഘങ്ങളിൽ അംഗങ്ങളാണെന്നും കണ്ടെത്തുകയുണ്ടായി. തൊണ്ടിന്റെ ഇരട്ടവില സമ്പ്രദായത്തിൽ കയറ്റുമതിക്കാരും കയർ മുതലാളിമാരും വലിയ പ്രതിഷേധം പ്രകടിപ്പിച്ചു. കയർ വ്യവസായത്തിന്റെ തകർച്ചയ്ക്കും തൊണ്ടിന്റെ ദൗർലഭ്യത്തിനും മുഴുവൻ കാരണം ഈ ഇരട്ടവില സമ്പ്രദായമാണ് എന്ന വിമർശനം നിലനിന്ന സാഹചര്യത്തിൽ കേന്ദ്ര സർക്കാർ നിയമിച്ച അഷിം ചാറ്റർജി കമ്മറ്റി കയർ മേഖലയിൽ എല്ലാത്തരത്തിലുള്ള തൊണ്ട് വില നിയന്ത്രണങ്ങളും എടുത്തുകളയണമെന്ന് ശുപാർശ ചെയ്തു. ഈ ശുപാർശയുടെ അടിസ്ഥാനത്തിൽ എല്ലാത്തരത്തിലുള്ള തൊണ്ട് നിയന്ത്രണങ്ങളും പൂർണ്ണമായും എടുത്തുകളയുകയുണ്ടായി.

ഡോ. തോമസ് ഐസക് നേതൃത്വം നൽകിയ സ്പെഷ്യൽ ടാസ്ക്ക് ഫോഴ്സിന്റെയും അഷിം ചാറ്റർജി കമ്മറ്റിയുടെയും ശുപാർശയുടെ അടിസ്ഥാനത്തിലാണ് സംയോജിത കയർ വികസന പദ്ധതി (ഐ.സി.ഡി.പി) ആരംഭിക്കുന്നത്. ഈ പദ്ധതിയിൽ 45 ശതമാനം എൻ.സി.ഡി.സി വായ്പയും ലഭ്യമാക്കുന്നതിന് അക്കാലയളവിൽ കഴിഞ്ഞിട്ടുണ്ട്. 122 കയർപിരി സംഘങ്ങളെ ഈ പദ്ധതി പ്രകാരം യന്ത്രവൽകൃത റാട്ടുകൾ സ്ഥാപിക്കുന്നതിനായി തെരഞ്ഞെടുത്തു. കയർഫെഡിന്റെ അഞ്ച് യൂണിറ്റുകൾ ഉൾപ്പെടെ 58 യന്ത്രവൽകൃത ചകിരി വ്യവസായ യൂണിറ്റുകളെയും ഐ.സി.ഡി.പി പദ്ധതി പ്രകാരം തെരഞ്ഞെടുക്കുകയുണ്ടായി. എന്നാൽ ഈ പദ്ധതി പ്രകാരം നൽകിയ റാട്ടുകളുടെയും യന്ത്രങ്ങളുടെയും ഉത്പാദനക്ഷമതയില്ലായ്മയും ഗുണനിലവാരകുറവും സാങ്കേതികമേൻമയിലെ കുറവുകളും മൂലം ഈ പദ്ധതി അവതാളത്തിലായി. ഇതിന്റെ ഫലമായി കയർ മേഖലയിൽ ആദ്യമായി വ്യാപകമായി നടപ്പിലാക്കിയ യന്ത്രവത്കരണം പാളിപോകുകയാണുണ്ടായത്.



*തച്ചടി പ്രഭാകരൻ*

ഉദാരവത്ക്കരണ നടപടികൾ കേന്ദ്രസർക്കാർ ആരംഭിച്ചതിന്റെ സാഹചര്യത്തിലാണ് 1991 ൽ സംസ്ഥാന സർക്കാർ തച്ചടി പ്രഭാകരൻ അദ്ധ്യക്ഷനായ മൂന്നംഗ കമ്മറ്റിയെ നിയോഗിക്കുന്നത്. എല്ലാത്തരത്തിലുള്ള നിയന്ത്രണങ്ങളും ലൈസൻസിംഗും നിബന്ധനകളും ഒഴിവാക്കുന്നതിന് തച്ചടി കമ്മറ്റി സംസ്ഥാന സർക്കാരിന് ശുപാർശ നൽകി. മാത്രമല്ല കയർ സംഘങ്ങളെ എ, ബി, സി എന്ന തരത്തിൽ മൂന്നായി തരംതിരിക്കുന്നതിനും ഈ കമ്മറ്റി നിർദ്ദേശം സമർപ്പിക്കുകയുണ്ടായി. 'എ' വിഭാഗത്തിൽപ്പെടുന്ന സംഘങ്ങൾക്ക് മാത്രമായി കയർ വകുപ്പ് സഹായം പരിമിതപ്പെടുത്തണമെന്നും 'സി' വിഭാഗത്തിൽപ്പെടുന്ന സംഘങ്ങളെ ലിക്വിഡേറ്റ് ചെയ്യണമെന്നും 'ബി' വിഭാഗത്തിൽപ്പെടുന്ന സംഘങ്ങൾ സ്വന്തം കാലിൽ നിന്ന് പ്രവർത്തിക്കണമെന്നും ഇങ്ങനെ പ്രവർത്തിച്ച് അവർ ലാഭകരമായി തീർന്നശേഷം 'എ' വിഭാഗത്തിലേയ്ക്ക് മാറ്റിയ ശേഷം അവർക്ക് സർക്കാർ സഹായം നൽകിയാൽ മതിയെന്നും ഈ കമ്മറ്റി ശുപാർശ ചെയ്തു.



*സുശീലാഗോപാലൻ*

കയർ വ്യവസായത്തിന്റെ സുവർണ കാലഘട്ടമെന്ന് അറിയപ്പെടുന്നത് 1996 ൽ മൂന്നാം നായനാർ സർക്കാരിൽ വ്യവസായ മന്ത്രിയായിരുന്ന സുശീലാ ഗോപാലന്റെ കാലത്താണ്. സംഘങ്ങൾക്ക് ധനസഹായം നൽകുവാൻ സർക്കാർ പ്രതിജ്ഞാബദ്ധമായിരുന്നെങ്കിലും തച്ചടി കമ്മറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മഹാഭൂരിപക്ഷം കയർ സംഘങ്ങൾക്കും പ്രവർത്തന മൂലധനമോ, ഓഹരി വിഹിതമോ, മറ്റെന്തെങ്കിലും സഹായമോ നൽകുന്നതിന് സർക്കാരിന് കഴിയുമായിരുന്നില്ല.

ഈ സാഹചര്യത്തിലാണ് മന്ത്രിയായിരുന്ന സുശീല ഗോപാലൻ മുൻകൈയെടുത്ത് ആനത്തലവട്ടം ആനന്ദൻ അദ്ധ്യക്ഷനായി മൂന്നംഗ കമ്മറ്റിയെ ഇക്കാര്യങ്ങൾ പരിശോധിക്കുവാൻ ചുമതലപ്പെടുത്തിയത്. ആനത്തലവട്ടം ആനന്ദൻ കമ്മറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സംഘങ്ങളുടെ തരംതിരിവ് ഒഴിവാക്കി. മാത്രമല്ല അതുവരെ സംഘങ്ങൾക്ക് നൽകിയിട്ടുള്ള സഹായങ്ങൾ സംബന്ധിച്ചും ആ സഹായം വഴി സംഘങ്ങൾ നേടിയ സാമ്പത്തിക ഭദ്രതയും സംബന്ധിച്ചും ആനത്തലവട്ടം കമ്മറ്റി ആഴത്തിൽ പഠിച്ചു.

സർക്കാർ നൽകിയ സഹായത്തെക്കാൾ മൂല്യമുള്ള വളരെ കൂടുതൽ ആസ്തികൾ സംഘങ്ങൾ ആർജ്ജിച്ചിട്ടുള്ളതായി ആ കമ്മറ്റി കണ്ടെത്തുകയുണ്ടായി. കമ്മറ്റി ഇത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തു. സ്വാതന്ത്രാനന്തരം 1996 വരെ 50 കൊല്ലക്കാലം കൊണ്ട് കയർ സംഘങ്ങൾക്ക് സർക്കാർ ആകെ നൽകിയത് 30 കോടിയിൽ താഴെ രൂപാമാത്രമാണ്. എന്നാൽ കയർ സംഘങ്ങൾ ആർജ്ജിച്ച ആസ്തി ഇക്കാലയളവിൽ 60 കോടിയിൽപ്പരം രൂപയുടെ താണെന്ന് ആനത്തലവട്ടം ആനന്ദൻ കമ്മറ്റി കണ്ടെത്തി. ചുരുക്കത്തിൽ കയർ സംഘങ്ങൾക്ക് സർക്കാർ നൽകിയ സഹായം വ്യർത്ഥമായില്ലെന്നാണ് ഇതിൽ നിന്നും കണ്ടെത്താനായത്. ഈ വസ്തുതകളുടെ അടിസ്ഥാനത്തിലാണ് കയർ സംഘങ്ങൾക്ക് വീണ്ടും സർക്കാർ ധനസഹായം ലഭിച്ചു തുടങ്ങുവാൻ കാരണമായി തീർന്നതെന്ന് കാണാൻ കഴിയും.

ഇതിനെതുടർന്ന് കയർസംഘത്തിലെ സർക്കാരിന്റെ ഓഹരി മിനിമം 1,800 രൂപയായും വർദ്ധിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവായി. കൂടാതെ 5 ലക്ഷം രൂപ മുതൽ 10 ലക്ഷം രൂപ വരെ പ്രവർത്തന മൂലധനസഹായവും എല്ലാ സംഘങ്ങൾക്കും അനുവദിക്കുന്നതിനും സുശീല ഗോപാലൻ മന്ത്രിയായിരുന്ന കാലത്ത് ഉത്തരവിറക്കി. കയർ ഭൂവസ്ത്രം ഉപയോഗിച്ച് മണ്ണ്-ജല സംരക്ഷണത്തിനുള്ള പദ്ധതിയ്ക്ക് ആദ്യമായി ശുപാർശ നൽകുന്നതും ആനത്തലവട്ടം ആനന്ദൻ കമ്മറ്റിയാണ്.



*വി.എസ്. അച്യുതാനന്ദൻ*



*ജി.സുധാകരൻ*



*ആനത്തലവട്ടം ആനന്ദൻ*

## കയർ കമ്മീഷൻ

2006 ൽ വി.എസ് സർക്കാരിന്റെ കാലത്ത് കയർ വികസന വകുപ്പിന്റെ ചുമതല വഹിച്ചിരുന്ന മന്ത്രി ജി.സുധാകരൻ മുൻകൈയെടുത്താണ് ആനത്തലവട്ടം ആനന്ദൻ അദ്ധ്യക്ഷനായി കയർ കമ്മീഷനെ നിയോഗിച്ച് ഉത്തരവിറക്കിയത്. കയർപിരി മേഖലയിലും കയർ ഉത്പന്ന നിർമ്മാണ മേഖലയിലും ആധുനീകരണവും നവീകരണവും യന്ത്രവൽക്കരണവും ഏർപ്പെടുത്തണമെന്നും കയർ കമ്മീഷൻ ശുപാർശ ചെയ്തു. കൂടാതെ ചകിരി സ്വയം പര്യാപ്തതയ്ക്ക് കൂടുതൽ ചകിരി മില്ലുകൾ ആരംഭിക്കണമെന്നും, ചകിരിച്ചോറിന്റെ വിപണി മൂല്യം കണ്ടെത്തി പ്രത്യേക പ്രോത്സാഹനം നൽകണമെന്നും കമ്മീഷൻ ശുപാർശ ചെയ്തു. അയൽ സംസ്ഥാനത്തുനിന്നും കയർ മേഖല നേരിടുന്ന മത്സരത്തെ അതിജീവിക്കാൻ കേരളത്തിലെ കയർ മേഖലയെ പുനഃസംഘടിപ്പിക്കാനുള്ള പദ്ധതി നിർദ്ദേശങ്ങളാണ് കയർ കമ്മീഷൻ മുന്നോട്ട് വെച്ചത്.


ഗവേഷണ-വികസന പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് വെല്ലുവിളികൾ തരണം ചെയ്യുക, പൊതുമേഖലാസ്ഥാപനങ്ങൾ അവയുടെ സ്ഥാപിത ലക്ഷ്യം കൈവരിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ അവയെ അവയുടെ പ്രവർത്തന ലക്ഷ്യം നിറവേറ്റുവാൻ ഉതകുന്ന നിലയിൽ ഉടച്ചുവാർക്കുക, കയർ വ്യവസായത്തിൽ ഇതിനായി അപ്പക്സ് ബോഡി ഫോർ കയർ രൂപീകരിക്കുക, തൊണ്ട് സംഭരണത്തിന് ഹസ്ക്ക് പ്രൊക്യൂർമെന്റ് കമ്മറ്റി രൂപീകരിക്കുക, ആഭ്യന്തര കമ്പോളം വികസിപ്പിക്കുന്നതിനൊപ്പം സ്വകാര്യ സംരംഭകരെ കൂടി വിപണനത്തിൽപങ്കാളികളാക്കുന്നതിന് മാർക്കറ്റിംഗ് കൺസോർഷ്യം രൂപീകരിക്കുക, കയർ വികസന വകുപ്പിനെ വ്യവസായ വകുപ്പിൽ നിന്നും വേർപ്പെടുത്തി ഒരു സ്വതന്ത്ര വകുപ്പാക്കുക, കയർ മേഖലയിലെ ഡാറ്റാ ലഭ്യത ഉറപ്പുവരുത്തുക, കേന്ദ്രാവിഷ്കൃത പദ്ധതികളും കേന്ദ്ര സഹായ പദ്ധതികളും ബാങ്ക് ലിങ്ക് പദ്ധതികളും മുഖേന കയർ വ്യവസായത്തിൽ വലിയ തോതിലുള്ള മുതൽ മുടക്കിന് സാധ്യത തേടുക തുടങ്ങിയ ശുപാർശകളും കയർ കമ്മീഷൻ സർക്കാരിന് സമർപ്പിച്ചു. വിപണി വിപുലീകരണത്തിന് എല്ലാ വർഷവും കയർ കേരള ആരംഭിച്ചതും വി.എസ് സർക്കാരിന്റെ കാലത്താണ്. കയർ വ്യവസായത്തിൽ യന്ത്രവത്കരണവും ആധുനീകവൽക്കരണവും കുറ്റമറ്റതാക്കുവാൻ പൊതുമേഖലയിൽ ഒരു കയർ മെഷിനറിമാനുഫാക്ചറിംഗ് കമ്പനി ആരംഭിക്കുന്നതിനുള്ള നിർദ്ദേശവും കയർ കമ്മീഷൻ സമർപ്പിക്കുകയും ചെയ്തിരുന്നു.



*പിണറായി വിജയൻ*

## രണ്ടാം കയർ പുനസംഘടനാപദ്ധതി

കയർ വ്യവസായത്തെ സമൂലമായി ഉടച്ചുവാർക്കുന്ന പദ്ധതിയാണ് 'രണ്ടാം കയർ പുനസംഘടനാ പദ്ധതി' യിലൂടെ 2016 ലെ ഒന്നാം പിണറായി സർക്കാർ ലക്ഷ്യമിട്ടത്. ആ സർക്കാരിൽ കയർ വകുപ്പിന്റെ ചുമതല വഹിച്ച ധനകാര്യമന്ത്രി ഡോ.ടി.എം.തോമസ് ഐസക്ക് മുൻകൈയെടുത്ത് കയർ രണ്ടാം പുനസംഘടനാ പദ്ധതി ആരംഭിച്ചു. കയർവ്യവസായത്തിന്റെഉടച്ചുവാർക്കലാണ് രണ്ടാംകയർ പുനസംഘടനാ പദ്ധതിയിലൂടെ സർക്കാർ വിഭാവനം ചെയ്തത്. ചകിരി സ്വയംപര്യാപ്തത കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിൽ ഒന്നാമത്തെ ഇനമായി സർക്കാർ ലക്ഷ്യമിട്ടത്.



*ഡോ.ടി.എം.തോമസ് ഐസക്ക്*

### പൊതുമേഖലാ കയർ യന്ത്രനിർമ്മാണ ഫാക്ടറി

ഒന്നാം പിണറായി സർക്കാരിന്റെ കാലയളവിൽ 126 ഓളം ആധുനിക ചകിരിമില്ലുകൾ ആരംഭിച്ചു. കേരളത്തിലെ കയർ ഉത്പാദനത്തിന് ഉപയോഗിച്ചുവന്നിരുന്ന കേരള ചകിരിയുടെ വിഹിതം 5 ശതമാനത്തിൽ നിന്നും അൻപതു ശതമാനമായി വർദ്ധിപ്പിക്കുന്നതിന് ഈ പദ്ധതിയുടെ ഭാഗമായി കഴിഞ്ഞിട്ടുണ്ട്. 135 യന്ത്രവൽകൃത കയർപിരി ഫാക്ടറികൾ ആരംഭിക്കുവാൻ

കഴിഞ്ഞു. ഇതിനാവശ്യമായ മുഴുവൻ ആട്ടോമാറ്റിക്ക് കയർ സ്പിന്നിംഗ് മെഷീനുകളും സംസ്ഥാന സർക്കാർ ഉടമസ്ഥതയിലുള്ള കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനിയിൽ ഉൽപ്പാദിപ്പിച്ച് സ്ഥാപിച്ചവയാണ്. ഇതിന്റെ ഫലമായി കയർ ഉത്പാദനം ക്രമാനുഗതമായി ഗണ്യമായി വർദ്ധിച്ചു. 2015-16 ൽ 70,000 ക്വിന്റലായിരുന്ന കയർ ഉത്പാദനം 2016-17 ൽ ഒരു ലക്ഷമായും 2017-18 ൽ 1.27 ലക്ഷവും 2018-19 ൽ 1.56 ലക്ഷവും 2019-20 ൽ 2 ലക്ഷവും 2020-21 ൽ 2.25 ലക്ഷം ക്വിന്റലുമായി വർദ്ധിക്കുകയാണുണ്ടായത്. യന്ത്രവൽകൃത യൂണിറ്റുകളിലെ തൊഴിലാളികളുടെ കൂലി പ്രതിദിനം 400 മുതൽ 500 രൂപ വരെ ലഭിക്കുന്നതിന് യന്ത്രവത്കരണം വഴി സാധിച്ചു.

കയർ തൊഴിലാളികളുടെ ശരാശരി വാർഷിക വരുമാനം 13,500 രൂപയിൽ നിന്നും 50,000 രൂപ വരെയായി വർദ്ധിച്ചു. കയർ ഉത്പാദനം 70,000 ക്വിന്റലിൽ നിന്നും 2.25 ലക്ഷം ക്വിന്റലായും വർദ്ധിച്ചു. ഇങ്ങനെ സംഭരിച്ച കയറിന്റെ സിംഹഭാഗവും കയർ ഭൂവസ്ത്രമാക്കി രൂപാന്തരം വരുത്തി വിപണനം ചെയ്യുവാൻ കഴിഞ്ഞു.



## കയർ ഭൂവസ്ത്രം

2017 ലെ കയർ കേരളയിൽ വെച്ച് അന്നത്തെ ധനകാര്യ-കയർ വകുപ്പ് മന്ത്രി ഡോ.ടി.എം.തോമസ് ഐസക് മുൻകൈയെടുത്ത് മണ്ണ്-ജല സംരക്ഷണത്തിന് തൊഴിൽ ഉറപ്പു പദ്ധതിയിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കുന്ന ഒരു ബൃഹത് പദ്ധതി ആരംഭിച്ചിരുന്നു. ഇത്തരത്തിൽ തദ്ദേശ ഭരണ സ്ഥാപനവുമായി ധാരണാപത്രം ഒപ്പിട്ടതിന്റെ അടിസ്ഥാനത്തിൽ പ്രതിവർഷം ശരാശരി 100 കോടി രൂപയുടെ കയർ ഭൂവസ്ത്ര വിപണനത്തിനാണ് ഓർഡറുകൾ ലഭിച്ചത്. കഴിഞ്ഞ വർഷത്തെ കയർ കേരളയിൽ വെച്ച് 121 കോടി രൂപയുടെ കയർ ഭൂവസ്ത്രവിതാനത്തിനാണ് ധാരണപത്രം ഒപ്പുവെച്ചിട്ടുള്ളത്. ഇങ്ങനെ കയർ ഭൂവസ്ത്രത്തിന്റെ ഉപയോഗം കയർ വിപണനത്തിന് സഹായകരമായി തീർന്നു.

## നൂതന ഉത്പന്നങ്ങൾ

ഇനി നമ്മൾ കൂടുതൽ ശ്രദ്ധിക്കേണ്ടത് വിപണി മൂല്യമുള്ള നൂതന ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനാണ്. ചകിരിയെക്കാൾ വിലയുള്ള വസ്തുവായി ചകിരിച്ചോർ മാറുന്ന കാലഘട്ടത്തിലൂടെയാണ് ഇന്ന് നാം കടന്നുപോകുന്നത്. ഈ സാഹചര്യം പരമാവധി പ്രയോജനപ്പെടുത്തി ചകിരിച്ചോറിൽ നിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ വ്യാപകമായി നിർമ്മിക്കുന്നതിനുള്ള സമഗ്രമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്. ഇനാകുലേറ്റഡ് പിത്ത്, ഗാർഡൻ ആർട്ടിക്കിളുകൾ, ജൈവ വളം, പിത്ത് ബ്രിക്കറ്റുകൾ, കൊക്കോപോട്ട് തുടങ്ങിയ ഇത്തരത്തിൽ ചകിരിച്ചോറിൽ നിന്നും ഉത്പാദിപ്പിക്കാവുന്ന മാർക്കറ്റ് ഡിമാന്റുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങളാണ്. അതോടൊപ്പം തന്നെ കയർ ടൈലുകൾ, ടഫ്റ്റഡ് മാറ്റുകൾ, കൊക്കോലോഗ്, റബ്ബറൈസ്ഡ് കയർ ഉത്പന്നങ്ങൾ, കോമ്പോസിറ്റ് ബോർഡുകൾ നോൺ വോവൻ ഉൽപ്പന്നങ്ങൾ, മൾച്ചറിംഗ് മാറ്റുകൾ തുടങ്ങിയ നൂതനമായ ഉത്പന്നങ്ങൾ നിർമ്മിച്ച് വിപണി പിടിച്ചടക്കുന്നതിനും നമുക്ക് കഴിയേണ്ടതുണ്ട്. അന്യസംസ്ഥാനത്ത് നിന്നും കേരളത്തിലെ കയർ വ്യവസായം നേരിടുന്ന മത്സരത്തെ അതിജീവിക്കുന്നതിനുള്ള ശേഷി വർദ്ധിപ്പിക്കുന്നതിനും മുന്തിയ പരിഗണന നൽകുന്നതിനാവണം ഇനിയുള്ള നാളുകൾ വിനിയോഗിക്കേണ്ടത്.




*കൊക്കോഫെർട്ട് ജൈവവളം*






*കയർ പിത്ത് ബ്രിക്കേറ്റ്* *കൊക്കോപോട്ട്*

### ഗണപരമായ വർദ്ധനവിൽ നിന്നും ഗുണപരമായ വർദ്ധനവിലേയ്ക്ക്

രണ്ടാം കയർ പുനസംഘടനാ പദ്ധതിയുടെ ഭാഗമായി കയറും കയറുത്പന്നങ്ങളുടെയും നിർമ്മാണത്തിൽ വർദ്ധനവ് നേടിയെടുക്കുവാൻ നമുക്കായിട്ടുണ്ട്. എന്നാൽ ഗുണമേൻമ വർദ്ധിപ്പിക്കുന്നതിന് ഊന്നൽ നൽകുവാൻ കഴിഞ്ഞിട്ടില്ല. ഉത്പാദനത്തിൽ വന്ന വർദ്ധനവിനനുസരിച്ച് ഗുണമേൻമ വർദ്ധിപ്പിക്കുന്നതിലും നാം ഊന്നൽ നൽകേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ നിലവിലുള്ള ഉത്പന്നങ്ങളുടെ ഗുണമേൻമ വർദ്ധിപ്പിക്കുന്നതിനും നൂതനമായ ഉത്പന്നങ്ങളുടെ നിർമ്മാണത്തിലും ഊന്നൽ നൽകിക്കൊണ്ട് മാത്രമേ അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള മത്സരത്തെ അതിജീവിക്കുവാൻ നമുക്ക് കഴിയുകയുള്ളൂ.

ഈ ചുമതല നിർവഹിക്കുന്നതിന് ഈ കാലഘട്ടത്തിൽ പ്രതിബന്ധതയോടുകൂടി പ്രവർത്തിക്കുവാൻ കയർഫെഡിനും മറ്റു എല്ലാ പൊതുസ്ഥാപനങ്ങൾക്കും കയർ സംഘങ്ങൾക്കും തൊഴിലാളികൾക്കും കയർ വ്യവസായവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഏവർക്കും ബാധ്യതയുണ്ട് എന്ന കാര്യവും ഈയവസരത്തിൽ ഓർമ്മപ്പെടുത്തി കൊള്ളുന്നു.

**THE KERALA STATE CO-OPERATIVE COIR MARKETING FEDERATION LTD NO.679,**
P.B.No.4616, Alappuzha - 688012
Tel: 0477-2243628, 2244109, Email. coirfedho@gmail.com | Website : www.coirfed.com

# ആരോപണങ്ങൾ അടിസ്ഥാനരഹിതം

കയർഫെഡിനെതിരെ ചിലർ തൊടുത്തുവിടുന്ന ആരോപണങ്ങൾ അടിസ്ഥാനരഹിതവും സത്യവിരുദ്ധവുമാണെന്ന് അറിയിക്കുന്നു.

**1. കയർഫെഡിന്റെ ചകിരി വിതരണം അഴിമതിയോ?**

സംസ്ഥാന സർക്കാരിന്റെ സ.ഉ.(സാധാ)നം.351/2020/വ്യവ. തീയതി 28.05.2020 ലെ നിർദ്ദേശ പ്രകാരം ഇ-ടെൻഡർ നടപടികളിലൂടെ തെരഞ്ഞെടുത്ത 8 സപ്ലൈയർമാരിൽ നിന്നാണ് കേരളത്തിന് പുറത്ത് നിന്നുള്ള ചകിരി വാങ്ങി സംഘങ്ങൾക്ക് വിതരണം ചെയ്യുന്നത്. കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ ചകിരിയും കയർഫെഡ് സംഭരിച്ച് സംഘങ്ങൾക്ക് വിതരണം ചെയ്തു വരുന്നു. ആകെ സംഭരിക്കുന്ന ചകിരിയുടെ 38 ശതമാനവും കേരളത്തിലെ 69 ചകിരി മില്ലുകളിൽ നിന്നുള്ളതാണ്. ഈ ചകിരിയ്ക്ക് പരമാവധി സംഭരണ വിലയായി 22 രൂപയാണ് സർക്കാർ നിശ്ചയിച്ചിരിക്കുന്നത്.

ചകിരിയുടെ ഗുണമേന്മ ലാബ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് ചകിരിയിലെ മാലിന്യങ്ങൾക്ക് നിശ്ചിത ശതമാനം അളവിൽ കുറവു വരുത്തിയാണ് വില നൽകിവരുന്നത്. ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ 18 രൂപ മുതൽ 22 രൂപ വരെയാണ് സംഘങ്ങൾക്ക് വില നൽകേണ്ടി വരുന്നത്. സുതാര്യമായ സംവിധാനത്തിലൂടെയാണ് കയർഫെഡ് ചകിരി വാങ്ങി വിതരണം ചെയ്യുന്നത്. രണ്ടാം കയർ പുനഃസംഘടനയുടെ ഭാഗമായി കൂടുതൽ മില്ലുകൾ ആരംഭിക്കുകയും കയർഫെഡ് ചകിരി സംഭരണത്തിൽ കടന്നു വരികയും ചെയ്തതോടെ ഓഫ് സീസണിൽ പോലും ചകിരി വില 22 രൂപയിൽ അധികരിക്കാതെ രണ്ട് വർഷക്കാലമായി പിടിച്ചു നിർത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്.

മുൻ കാലങ്ങളിൽ ചകിരി വില 32 രൂപ വരെ ഉയർന്ന സന്ദർഭങ്ങളുണ്ടായിട്ടുണ്ട്. ആ കാലത്ത് ഓരോ വർഷവും എട്ട് കോടിയിലധികം രൂപ ചകിരി സബ്സിഡിയായി വിതരണം ചെയ്തിട്ടുണ്ട്. കയർ ഉൽപ്പാദിപ്പിക്കുന്നതിന് ആവശ്യമായ ചകിരിയുടെ 40% മാത്രമാണ് കയർഫെഡ് വാങ്ങി നൽകിയിട്ടുള്ളത്. കയർഫെഡ് ചകിരി വിതരണത്തിൽ നിന്നും പിൻവാങ്ങിയാൽ വില നിയന്ത്രണാതീതമാകുകയും തൻമൂലം മുൻകാലങ്ങളിലെ പോലെ ചകിരി വില കുത്തനെ ഉയരുന്നതിനും ഇടയാകും. കേരളത്തിലെ ചകിരി വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമ്പോൾ അന്യസംസ്ഥാന ചകിരിലോബിയെ സഹായിക്കുന്നതിനാണ് ആരോപണത്തിന്റെ പുകമറ സൃഷ്ടിച്ച് കയർഫെഡിനെതിരെ അപവാദം പ്രചരിപ്പിക്കുന്നത്.

**2. ഓഡിറ്റ് റിപ്പോർട്ട്?**

06.03.2020 ലെ കയർഫെഡ് ഭരണസമിതി യോഗം അംഗീകരിച്ച അജണ്ട പ്രകാരം 28-ാമത് വാർഷിക പൊതുയോഗം 22.03.2020-ൽ കൂടുവാൻ തീരുമാനിച്ചിരുന്നു. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ രജിസ്ട്രാറുടെ അംഗീകാരത്തോടെ ടി പൊതുയോഗം മാറ്റിവെയ്ക്കുകയും, തുടർന്ന് മുൻനിശ്ചയ പ്രകാരമുള്ള അജണ്ട അനുസരിച്ച് നേരത്തെ തയ്യാറാക്കി അംഗീകരിച്ച റിപ്പോർട്ടും കണക്കുകളും പ്രകാരം പ്രസ്തുത പൊതുയോഗം രജിസട്രാറുടെ അനുമതിയോടെ 21.02.2021 ൽ നടത്തുകയായിരുന്നു.

2017-18 ലെ ഓഡിറ്റ് റിപ്പോർട്ട് 09.10.2020 ലാണ് കയർഫെഡിൽ ലഭിച്ചത്. ഈ റിപ്പോർട്ടിൻമേലുള്ള ന്യൂനത പരിഹാരം പൂർത്തീയായി വരികയാണ്. ഉടനെ തന്നെ പൊതുയോഗം വിളിച്ചു ചേർത്ത് ഈ ഓഡിറ്റ് റിപ്പോർട്ട് ചർച്ച ചെയ്യുന്നതാണ്. ഓഡിറ്റു റിപ്പോർട്ട് പൂഴ്ത്തി വച്ചു എന്ന ആരോപണം സത്യവിരുദ്ധമാണ്. കയർഫെഡിന്റെ 42 കൊല്ലക്കാലത്തെ പ്രവർത്തന കാലയളവിൽ 6 കൊല്ലം മാത്രമാണ് ഓഡിറ്റ് നഷ്ടം ഇല്ലാതിരുന്നത്. ഈ ഭരണസമിതിയുടെ കാലത്തുണ്ടായ ഓഡിറ്റ് നഷ്ടം സഞ്ചിത നഷ്ടത്തിന്റെ 0.011% (ഒരു ലക്ഷം രൂപ) മാത്രമാണ്. ഏറ്റവും കൂടുതൽ ഓഡിറ്റ് നഷ്ടം യു.ഡി.എഫ് ഭരണകാലയളവിലാണ് ഉണ്ടായിട്ടുള്ളത്.

കയർ മേഖലയുടെ താങ്ങായി നിൽക്കണമെന്ന സർക്കാർ നിർദ്ദേശത്തിനനുസരിച്ചാണ് കയർഫെഡ് പ്രവർത്തിക്കുന്നത്. സംഭരണ വിലയെക്കാൾ താഴ്ത്തിയാണ് കയർ വിൽക്കുന്നത്. 2014 പ്രാബല്യത്തിൽ നടപ്പിലാക്കിയ ശമ്പളപരിഷ്ക്കരണം മുലമുള്ള കുടിശ്ശികയും അതനുസരിച്ചുള്ള ഗ്രാറ്റുവിറ്റിയും നൽകേണ്ടി വന്നതുമാണ് മെത്ത നിർമ്മാണ ഫാകട്റിയിൽ പ്രസ്തുത വർഷം നഷ്ടം ഉണ്ടാകുവാൻ കാരണം. ഓഡിറ്റ് ന്യൂനത പരിഹരിക്കുന്നതിന് ഒരു വീഴ്ച്ചയും കയർഫെഡ് ഭരണസമിതിയുടെ ഭാഗത്തുനിന്നുണ്ടായിട്ടില്ല.

**3. പി.എസ്.സി നിയമനം, കാലതാമസത്തിന് കയർഫെഡ് ഉത്തരവാദിയോ?**

കയർഫെഡിലെ നിയമനം 1995 ൽ പി.എസ്.സി -യ്ക്ക് വിട്ടു. 448 അംഗീകൃത തസ്തികകളാണുള്ളത്. 132 പേരാണ് ഇപ്പോൾ സ്ഥിരം ജീവനക്കാർ. 2006-11 ലെ എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് നിയമന ചട്ടങ്ങൾ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരത്തിന് സമർപ്പിച്ചിരുന്നു. എന്നാൽ തുടർന്നു വന്ന യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് ഇത് അംഗീകരിച്ച് നൽകുന്നതിൽ യാതൊരു നടപടിയുമുണ്ടായില്ല. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് ഈ ഭരണസമിതി നടത്തിയ ഊർജ്ജിതമായ ഇടപെടലിന്റെ ഫലമായി 08.11.2017 ൽ നിയമന ചട്ടം അംഗീകരിച്ചു വിജ്ഞാപനം പുറപ്പെടുവിക്കാനായി. തുടർന്ന് 2018 ആദ്യം മുതൽ ഒഴിവുകൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തു. ആകെ 66 ഒഴിവുകൾ ഇതിനകം പി.എസ്.സി -യ്ക്ക് റിപ്പോർട്ട് ചെയ്തു കഴിഞ്ഞു. പി.എസ്.സി അഡ്വൈസ് പ്രകാരം കയർഫെഡിൽ ആദ്യമായി രണ്ട് തസ്തികകളിൽ നിയമന ഉത്തരവുകൾ നൽകി. ഇതിൽ 8 പേർ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. അവശേഷിക്കുന്ന തസ്തികകളിലേക്കുള്ള അഡ്വൈസ് ഉടനെ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**4. കരാർ നിയമനവും പുനർനിയമനവും രാഷ്ട്രീയ അടിസ്ഥാനത്തിലോ?**

പി.എസ്.സി നിയമനം നീണ്ടുപോകുകയും ധാരാളം ജീവനക്കാർ വിരമിക്കുകയും ചെയ്തതുമൂലം കയർഫെഡ് പ്രവർത്തനം സ്തംഭിച്ച സാഹചര്യത്തിൽ കയർ വികസന ഡയറക്ടറുടെ മുൻകൂർ അനുമതി വാങ്ങി കിറ്റ്കോ മുഖാന്തിരം ടെസ്റ്റും ഇൻർവ്യൂവും നടത്തി 17 പേരെ വിവിധ തസ്തികകളിൽ താൽക്കാലികമായി കരാർ അടിസ്ഥാനത്തിൽ നിയമിച്ചു. സഹകരണ നിയമം ചട്ടം 182, 185 (എ) പ്രകാരമാണ് ഇതിന് നടപടികൾ സ്വീകരിച്ചത്. 9 ലക്ഷം രൂപ കിറ്റ്കോയ്ക്ക് നൽകിക്കൊണ്ടാണ് ഈ നിയമന നടപടികൾ പൂർത്തിയാക്കിയത്. മാത്രമല്ല അപ്പോൾ നിയമന ചട്ടം നിലവിൽ വന്നിട്ടുണ്ടായിരുന്നുമില്ല. പി.എസ്.സി നിയമനം അനിശ്ചിതമായി നീളുന്ന പരിതസ്ഥിതിയിൽ സി.എം.ഡി മുഖാന്തിരം മാനേജീരിയൽ സ്റ്റാഫിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് കയർഫെഡ് തീരുമാനിച്ചിരുന്നു. എന്നാൽ ഇതിനും കാലതാമസമുണ്ടായ പരിതസ്ഥിതിയിൽ കയർഫെഡ് അടച്ചുപൂട്ടൽ ഭീഷണി നേരിട്ടതുകൊണ്ടാണ് വിരമിച്ച 13 പേരെ കൺസോളിഡേറ്റഡ് പേയിൽ തൽക്കാലത്തേക്ക് നിയമിച്ചത്. ഈ 13 പേരിൽ 6 പേരെ നേരത്തെതന്നെ ഒഴിവാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന 7 പേരെ സർക്കാർ നിർദ്ദേശപ്രകാരം ഒഴിവാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**5. സ്ഥിരപ്പെടുത്തൽ?**

കയർഫെഡിലെ വർക്കർ, ഫർണീഷിംഗ് വർക്കർ, സ്വീപ്പർ എന്നീ തസ്തികയിൽ നേരിട്ട് ജീവനക്കാരെ റിക്രൂട്ട് ചെയ്യുവാനുള്ള അധികാരം ചട്ടപ്രകാരം കയർഫെഡ് ഭരണസമിതിക്കാണ്. കയർഫെഡിൽ കാലാകാലങ്ങളിലെ ഭരണസമിതികൾ നിയമിച്ച ദിവസവേതനക്കാരെ സ്ഥിരപ്പെടുത്തണമെന്ന് എല്ലാ തൊഴിലാളി സംഘടനകളും നിരന്തരം ആവശ്യപ്പെട്ടിരുന്നു. ഇത് പരിഗണിച്ച് 10 വർഷം പൂർത്തീകരിച്ചവരുടെ ലിസ്റ്റ് തയ്യാറാക്കി അതിൽ നിന്നും, ഒഴിവുണ്ടായിരുന്ന 19 വർക്കർ, ഫർണീഷിംഗ് വർക്കർ തസ്തികയിൽ ഏറ്റവും സീനിയറായ 19 പേരെ സ്ഥിരപ്പെടുത്തി. ഇപ്രകാരം സ്ഥിരപെടുത്തിയവരിൽ എല്ലാ യൂണിയനിൽപ്പെട്ടവരുമുണ്ട്. ഈ കാര്യത്തിൽ കയർഫെഡ് മാനേജ്മെന്റ് യാതൊരു തരത്തിലുള്ള അധികാര ദുർവിനിയോഗവും നടത്തിയിട്ടില്ലെന്നത് സുവ്യക്തമാണ്.

**6. കയർസംഭരണവും വിപണനവും വിറ്റുവരവും?**

കയർഫെഡിന്റെ 2011-16 കാലയളവിലെ ശരാശരി കയർ സംഭരണം 68314 കിന്റലും വിപണനം 64061 കിന്റലുമായിരുന്നു. ശരാശരി വിറ്റുവരവ് 54 കോടിയുമായിരുന്നു. ഇത് ക്രമാനുഗതമായി വർദ്ധിച്ച് 2020-21 വർഷം സംഭരണം 2.25 ലക്ഷം കിന്റലിലും വിറ്റുവരവ് 156 കോടിയിലുമെത്തി. അസ്തമയ വ്യവസായമായ കയർ വ്യവസായത്തെ സമുദ്ധരിച്ച് സൂര്യോദയ വ്യവസായമായി ഉയർത്തിക്കൊണ്ടുവരുന്നതിൽ സർക്കാരിനൊപ്പം കയർഫെഡും സുത്യർഹമായ നിലയിൽ പ്രവർത്തിച്ചുവെന്നുള്ളത് നിസ്തർക്കമാണ്. അടിസ്ഥാന രഹിതമായ ആരോപണങ്ങളുടെ പുകമറ സൃഷ്ടിച്ച് ഈ സ്ഥാപനത്തെ തകർക്കുവാനുള്ള രാഷ്ട്രീയപ്രേരിതമായ ഹീനമായ നീക്കങ്ങൾ അർഹിക്കുന്ന അവജ്ഞയോടുകൂടി തള്ളികളയണമെന്ന് പൊതുസമൂഹത്തോട് അഭ്യർത്ഥിക്കുന്നു.

ആലപ്പുഴ/03-11-2021 **കയർഫെഡ് മാനേജ്മെന്റ്**

**തേങ്ങക്ക് നിങ്ങൾ coconut എന്നും കരിക്കിന് നിങ്ങൾ tender coconut എന്നും പറയും. എന്നാൽ കരിക്ക് പ്രായം കഴിയുകയും, മൂപ്പെത്തിയ തേങ്ങ ആകുകയും ചെയ്യാത്ത 'വെടല' ക്ക് പറ്റിയ ഇംഗ്ലീഷ് വാക്കുണ്ടോ? അതും പോകട്ടെ സുഖ ശീതളമായ കരിക്കിൻ വെള്ളവും മാധൂര്യമൂറുന്ന ഇളംകാമ്പും അകത്താക്കി നമ്മൾ വലിച്ചെറിയുന്ന തൊണ്ടും ചിരട്ടയുമെല്ലാം ചേർന്ന ബാക്കി ഭാഗ മുണ്ടല്ലോ? ഞങ്ങൾ അതിനെ 'തൊണ്ണാൻ' എന്ന് വിളിക്കും. ഇംഗ്ലീഷിൽ അതിനു തുല്യമായ പദമു ണ്ടോ?**

# കേരം തിങ്ങും കേരളഭാഷ – 3



പി.വി. വേണുഗോപാൽ

**ശ്രേ**ഷ്ഠഭാഷ പുസ്കാര നിറവിലാണല്ലോ നമ്മുടെ മലയാളം. അതേസമയംതന്നെ ആംഗലേയം മലയാ ളത്തെ വിഴുങ്ങുന്നുവെന്നും ഭാഷയുടെ മലയാള ത്തനിമ ഇല്ലാതാവുന്നെന്നുമുള്ള ആശങ്കകൾ ഭാഷാ സ്നേഹികൾ പങ്കുവെക്കുന്നുമുണ്ട്. ഇംഗ്ലീഷിലെ ചിന്തിക്കൂ, ഇംഗ്ലീഷേ പറയൂ എന്ന് വാശി പിടിക്കുന്ന വരോടൊന്ന് പറയാനുണ്ട്. നമ്മുടെ ജീവിത പരിത സ്ഥിതികളെ ഏറ്റവും നന്നായി ആവിഷ്കരിക്കാൻ നമ്മുടെ സ്വന്തം ഭാഷക്കേ കഴിയൂ. ഉദാഹരണത്തിന് തേങ്ങക്ക് നിങ്ങൾ coconut എന്നും കരിക്കിന് നിങ്ങൾ tender coconut എന്നും പറയും. എന്നാൽ കരിക്ക് പ്രായം കഴിയുകയും, മൂപ്പെത്തിയ തേങ്ങ ആകുകയും ചെയ്യാത്ത 'വെടല'ക്ക് പറ്റിയ ഇംഗ്ലീഷ് വാക്കുണ്ടോ? അതും പോകട്ടെ സുഖ ശീതളമായ കരിക്കിൻ വെള്ളവും മാധൂര്യമൂറുന്ന ഇളംകാമ്പും അകത്താക്കി നമ്മൾ വലിച്ചെറിയുന്ന തൊണ്ടും ചിരട്ടയുമെല്ലാം ചേർന്ന ബാക്കി ഭാഗമുണ്ടല്ലോ? ഞങ്ങൾ അതിനെ ''തൊണ്ണാൻ'' എന്ന് വിളിക്കും. ഇംഗ്ലീഷിൽ അതിനു തുല്യമായ പദമുണ്ടോ?

അങ്ങനെ നോക്കിയാൽ എത്രയെത്ര പദങ്ങളാണ് ഈ കല്പവൃക്ഷം മലയാള ഭാഷക്ക് നൽകിയത്. ചുവ ട്ടിൽ നിന്നേ തുടങ്ങാം. മറ്റുള്ള സർവ്വ വൃക്ഷ ലതാദി കൾക്കും വേരുള്ളപ്പോൾ തെങ്ങിന്റെ വേരിനെ 'പൊറ്റ' യെന്നേ നാം വിളിക്കൂ. ചുവട്ടിൽ നിന്ന് മേൽപ്പോട്ട് പോ യാൽ നീണ്ട തടിയിലാകെ ചുണങ്ങ് പോലെ വെള്ള പ്പാടുകളാണ്. 'മൊരി' യെന്നാണ് നാട്ടിൻ പുറത്ത് ഇ തിന്റെ വിളിപ്പേര്. തടിക്ക് മുകളിൽ കാറ്റിലാടുന്ന ഓല മടലുകളാണ്. (മറ്റുള്ളവക്കൊക്കെ ഇലകളാകു മ്പോൾ തെങ്ങിനും പനക്കും അടയ്ക്കാ മരത്തിനും മാത്രം ഓലകളാണ്.) ഓല മടലിൽ തന്നെയുണ്ട് പദ ങ്ങൾ രണ്ടെണ്ണം. 'ഓല'യും 'മടലും'. പച്ചമടലിന്റെ ഒരറ്റത്തു നിന്നും മറ്റൊരു അറ്റത്തേക്ക് ഒരു പൊളി ചീന്തിയെടുത്താൽ ഉറപ്പും ബലവുമുള്ള' വഴു കൽ' എന്ന നാരായി അതു മാറും. 'കുരുത്തോല' യിൽ നിന്നാണ് ഓലത്തുടക്കം. ജാതി മത ഭേദമന്യേ ആഘോഷങ്ങൾക്കെല്ലാം അത്യാവശ്യമായ ഒരു അല ങ്കാര വസ്തു ആയിരുന്നു ഈ കുരുത്തോല. ഇനി ഓല മടലിന്റെ ചുവട് മാത്രം മുറിച്ചെടുത്താൽ അത് 'കവിളം മടൽ' ആണ്. മറ്റേ അറ്റം മാത്രം മുറിച്ചെടുത്താൽ അത് 'തുഞ്ചാണി' ആയി. പഴയ കാർന്നോന്മാർക്ക് പിള്ളാരെ തല്ലാനുള്ള സ്വയമ്പൻ ആയുധമായിരുന്നു തുഞ്ചാണി. ഉണക്ക തുഞ്ചാണി ഒന്ന് ചുരുട്ടിയെടുത്ത് കെട്ടിയാൽ അത് കഴിഞ്ഞ കാലത്ത് എത്രയോ പേർക്ക് ഇരുളകറ്റിയ 'ചൂട്ടുകറ്റ' ആയി മാറും.

കവിളം മടലും തുഞ്ചാണിയും വെട്ടി മാറ്റിയ ഓല നെടുകെ കീറിയാൽ 'അത് ഓലക്കീറായി'. ഈ ഓല ക്കീറുകൾ മെടഞ്ഞെടുത്ത് വെയിലത്തിട്ട് വാട്ടി കുട്ട യുടെ ആകൃതിയിൽ വട്ടത്തിൽ വളച്ച് മുകളിൽ മടൽ ഭാഗങ്ങൾ തമ്മിലും താഴെ ഓലയുടെ അഗ്ര ഭാഗങ്ങൾ തമ്മിലും വഴുകൽ ഉപയോഗിച്ച് കൂട്ടി കെട്ടിയാൽ 'വല്ല'മായി. പച്ചപ്പുല്ലും വൈക്കോലും കരിയിലയു മെല്ലാം ഇതിൽ നിറച്ചാണ് പണ്ടു വീട്ടിലും തൊടി യിലും തൊഴുത്തിലുമെല്ലാം എത്തിച്ചിരുന്നത്. ഇല്ലം നിറയുന്നതിനൊപ്പം വല്ലം നിറയണമെന്നാണല്ലോ പഴ മൊഴി. ഓലക്കീറിൽ നിന്ന് മടലോട് കൂടി നാലഞ്ച് ഓലക്കാലക്കാലുകൾ ചീന്തിയെടുത്ത് സഞ്ചി പോലെ മെടഞ്ഞ് ഓലക്കാലുകൊണ്ടു തന്നെ ഒരു പിടിയും മെടഞ്ഞെടുത്താൽ അത് 'ഓലാൻകുട്ട'യായി. ചില ഇടങ്ങളിൽ 'മാക്കുട്ട'യെന്നാണ് ഇതിന്റെ വിളിപ്പേര്. അടുത്ത കാലം വരെ ഗ്രാമപ്രദേശങ്ങളിൽ ഇറച്ചി കച്ച വടക്കാർ മാക്കുട്ട എന്ന ഈ പഴയ ഡിസ്പോസിബിൾ ക്യാരിബാഗിലാണ് ഇറച്ചി കൊടുത്തിരുന്നത്. പഴയ കാല ചന്തകളിൽ ഓലാൻ കുട്ടയെന്ന മാക്കുട്ട ഇന്നത്തെ ക്യാരി ബാഗ് പോലെ ഒഴിവാക്കാൻ പറ്റാത്ത ഒന്നായിരുന്നു.

കീറോലകൾ വെള്ളത്തിലിട്ട് ചീയിച്ച് പതം വരുത്തി 'ഓലക്കാലു'കൾ മെടഞ്ഞെടുത്താൽ അത് 'മേച്ചിൽ ഓല' യായി മാറും. വലിപ്പ വ്യത്യാസമനുസരിച്ച് ഇവ



'നെടിയോലയും' 'മുണ്ടോല'യും 'കുറിയോല'യും ആകും. ഒരു വലിയ ഓല മടലിൽ നിന്നും ചെത്തിയ എടുത്ത ഒറ്റ ഓലകളെയാണ് ഓലക്കാലെന്നു വിളിക്കുക. കൂട്ടത്തിൽ ദൃഢതയുള്ള ഓലക്കാലകൾ ചെത്തിയെടുത്ത് ബലമുള്ള അറ്റം കൂർപ്പിച്ചെടുത്ത് ചെറുതീയിൽ വാട്ടിയെടുത്താൽ അത് 'കെട്ടുനാരായി'. മേച്ചിലോല കെട്ടുനാര് ഉപയോഗിച്ചു മേൽക്കൂരയിൽ കെട്ടിമേഞ്ഞായിരുന്നു കേരളത്തിലെ കുടില് മുതൽ കൊട്ടാരം വരെയുള്ളവരുടെ വാസം.

ഓലമേഞ്ഞ, മൺചുവരുള്ള, ചാണകം മെഴുകിയ തറയുള്ള അക്കാലത്തെ വീടുകൾ ഇന്നും ഗ്രാമീണതയുടെ മുഖമുദ്രയായി നിൽക്കുകയാണ്. പുരമേച്ചിലും അന്നൊരു ചെറിയൊരു ഉത്സവമായിരുന്നു. അയൽ വീടുകളിലെ ആണുങ്ങളും പെണ്ണുങ്ങളും മേച്ചിൽ വീട്ടിൽ അന്ന് ഒത്തു കൂടും. പെണ്ണുങ്ങളിൽ ചിലർ ആഹാരത്തിനായുള്ള കഞ്ഞിയും കപ്പയും കാന്താരി മുളകും പുരക്ക് പുറത്തിട്ടൊരുക്കും. പ്രായം ചെന്ന പെണ്ണുങ്ങൾ മേച്ചിൽ ഓലകൾ ഒന്നൊന്നായി എടുത്ത് ''കണ്ണുകൾ അടയ്ക്കും'(ഇഴയടുപ്പിക്കുക). ആണുങ്ങളിൽ ചിലർ കെട്ടു നാരുകൾ വാട്ടിയും 20 കുത്തുകോലുകൾ കൂർപ്പിച്ചും (മോന്തായത്തിൽ ഇരുവശത്തുമുള്ള ഓലകൾക്ക് പിടുത്തം കിട്ടാൻ ബലമുള്ള മടൽ ചീകിയതോ. വാരിയോ കൂർപ്പിച്ച് എടുത്ത് മോന്തായത്തോട് കുത്തിയിറക്കി ഇരുഭാഗത്തേയും ചേർക്കുന്നതിനാണ് കുത്തു കോലുകൾ ഉപയോഗിക്കുക) അരങ്ങൊരുക്കും. വിദഗ്ധരായ ആണുങ്ങൾ പുരമേയാൻ പുരപ്പുറത്ത് കയറുമ്പോൾ സഹായികൾ ആവശ്യാനുസരണം നെടിയോലകളും കുറിയോലകളുമെല്ലാം ചാട്ടുളി പോലെ എറിഞ്ഞു കൊടുത്തു കൊണ്ടിരിക്കും. പുരമേഞ്ഞ് വെച്ചുണ്ടാക്കിയത് ഒന്നിച്ചു കഴിച്ചു സന്തോഷത്തോടെ പിരിഞ്ഞ അയൽക്കാർ ഇന്നും ഗ്രാമീണ നന്മയുടെ ഗൃഹാതുര ഓർമ്മകളാണ്.

അതെല്ലാം പോകട്ടെ നമുക്ക് വിഷയത്തിലേക്ക് തിരിച്ചു വരാം. ഓലക്കാൽ രണ്ടായി കീറിയാൽ അത് ഓലയും 'ഈർക്കലി'യും ആയി മാറും. 'ഒറ്റയും പെട്ടയും' പറഞ്ഞ് തലപ്പന്തു കളിക്കുന്ന കുട്ടികൾ ഈ ഈർക്കിൽ ഒരെണ്ണമെടുത്ത് അവരുടെ കളിക്കളത്തിൽ കുത്തിയാൽ ഈർക്കലിയുടെ പേര് ഉടൻ 'കൊള്ളി'യെന്നായിയി മാറും. രണ്ടോ മൂന്നോ ഈർക്കിലുകൾ ഒന്നിച്ച് ചേർത്ത് അവയുടെ നേർത്ത അറ്റം കൂട്ടി ചേർത്ത് ഒരുവളയം മെനഞ്ഞുണ്ടാക്കിയാൽ അത് മീൻ കോർത്തിടുന്ന 'കോർമ്പൽ' ആയി. നീളമുള്ള ഈർക്കിൽ ഒരു പിടിയെടുത്ത് ഒരിത്തിരി വഴുകയോ മറ്റോ ഉപയോഗിച്ച് കെട്ടിയെടുത്താൽ പിന്നെ അതിനെ 'ചൂല്' എന്നാണ് വിളിക്കുക. ഓലക്കാലുപയോഗിച്ചുണ്ടാക്കുന്ന കളിപ്പാട്ടങ്ങളുടേയും കൊച്ചുകൊച്ചുപകരണങ്ങളുടേയും പട്ടിക പറഞ്ഞാൽ ഇനിയും നീളും വിസ്താര ഭയത്താൽ ആ ഉദ്യമം ഉപേക്ഷിക്കുന്നു.

*(തുടരും)*

## കഥ



# മരുഭൂമിയിൽ വിത്തുമുളയ്ക്കുന്ന കാലം

**ജ്യോതിടാഗോർ**

***(കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച...)***

അന്ത:പുരസന്ധ്യകളിൽ കിളിയുടെ ചിലക്കൽ സംഗീതമായി പുനർജനിച്ചു. അന്ത:പുരത്തിൽ അടിച്ചുതളിക്കാരനായി ഞാനും- തിളങ്ങുന്ന ഉടയാടകൾ, ആഭരണങ്ങൾ, ഭോജ്യങ്ങൾ...നിറമേറിയ രാവുകളിൽ ആവർത്തിച്ച് വരിയുടയ്ക്കപ്പെട്ട ഞാനും ആ പുനർജനിയെ പ്രണയിച്ച് തുടങ്ങി.

കിളിയുടെ കൊഞ്ചലുകൾ ഗാനോപഹാരങ്ങളായി പ്രകീർത്തിക്കപ്പെട്ടു. ഏകാന്തതയിൽ കിളി വിഷാദിച്ചപ്പോൾ അനശ്വരഗാനങ്ങൾ പിറവി കൊണ്ടു. എല്ലാ ഗാനങ്ങളിലെയും വരികൾ ഇങ്ങനെ ചിട്ടപ്പെടുത്തിയിരുന്നു
'രാജാവ്...രാജാവ്...'

കിളിയുടെ പാട്ടുകൾ പുതിയൊരു സംഗീതശാഖയായി, രാജ്യമൊമ്പാടും കീർത്തി നേടി. ധാരാളം അനുവാചകരുണ്ടായി. ലക്ഷങ്ങളുടെ കച്ചവടം നടന്നു. പുരസ്കാരങ്ങളും വിനോദനികുതിയിളവും നൽകി ഭരണകൂടം കലോപാസകരായി. അവയിലൂടെ കിളി, ജീവിതത്തിന്റെ നാട്ടകങ്ങളിലും ചരിത്രത്തിന്റെ മുക്കവലകളിലും രാജാവിന്റെ ദയാവായ്പ്പും പ്രജാക്ഷേമവും രാജ്യതന്ത്രനിപുണതയും പാടിപ്പുകഴ്ത്തി. പിന്നെ കൊട്ടാരക്കെട്ടിലെ സ്വർണ്ണക്കൂട്ടിൽ വിലയേറിയ ഭോഗപ്പണ്ടങ്ങൾക്ക് നടുവിൽ മയങ്ങിക്കിടന്നു.

*************************

കിളിക്കൂട് അടയ്ക്കാൻ മറന്ന ആരുടെയോ കൈപ്പിഴ; മൂപ്പിളമ തർക്കത്തിൽ ഇളയറാണി പറ്റിച്ച പണിയാണെന്ന കിംവദന്തിയും കേൾക്കുന്നുണ്ട്- കിളി പറന്നുപോയി. രാജ്ഞിയ്ക്ക് ഓയിൽ മസ്സാജ് ചെയ്യുമ്പോൾ ആ ചിറകടിയൊച്ച ഞാനും വ്യക്തമായി കേട്ടതാണ്. പറന്നകലുമ്പോൾ എന്റെ ആത്മാവിൽ തുളവീഴ്ത്തുമ്പോലെ കിളി തിരിഞ്ഞ് നോക്കിയിരുന്നു. പക്ഷേ, ജുഡീഷ്യൽ അന്വേഷണം വന്നപ്പോൾ ഞാനത് മറച്ചു വച്ചു. സാക്ഷിക്കൂട്ടിൽ നിന്നാൽ നീതിപീഠത്തിനും ഉയരെ രാജ്ഞിയുടെ കൊല്ലുന്ന ചിരിയെനിക്ക് കാണാമായിരുന്നു. അന്ത:പുരസേവകർക്ക് കണ്ണും കാതും പാടില്ല എന്ന നിയമം നിലനിൽക്കുന്നതിനാൽ തെളിവെടുപ്പ് പെട്ടന്നു കഴിഞ്ഞു.

കിളിയെ തേടിപ്പിടിക്കുന്നവർക്ക് രാജാവ് പാരിതോഷികം പ്രഖ്യാപിച്ചു. അന്ത:പ്പുര രഹസ്യങ്ങൾ പേറുന്ന കിളിയെ കാണുന്ന മാത്രയിൽ കൊന്നു കളയാൻ രാജ്ഞി ഗോപ്യമായി ഏർപ്പാടുണ്ടാക്കി. എന്നിട്ടും അന്ത:പുരവാതിലുകളുടെ തിരശീലകൾക്കിടയിലൂടെ ഞാൻ ഒഴുകി നടന്നു.

*************************

ഏറെ വൈകാതെ, രാജ്യാതിർത്തിയിലുള്ള ഏതോ ഗോത്രഗ്രാമത്തിൽ നിന്ന് കിളിപിടിക്കപ്പെട്ടു. കിളിയെ ഒളിപ്പിച്ച കുറ്റത്തിന് ആ ഗ്രാമത്തെയൊന്നാകെ ചുട്ടെരിച്ചതിന് ശേഷമാണ് ദൗത്യസേന മടങ്ങിയത്. മാവോയിസ്റ്റ് ഗ്രാമം സൈന്യവുമായുള്ള ഏറ്റുമുട്ടലിനൊടുവിൽ കീഴടങ്ങിയതായുള്ള ഫ്ലാഷ് ന്യൂസ്, കിളിയെ രാജസന്നിധിയിൽ ഹാജരാക്കുന്ന വേളയിലും ചാനലുകളിൽ വന്നുകോണ്ടേയിരുന്നു. കിളിയുടെ ചിറകടിയൊച്ചയ്ക്ക് പഴയ മൂർച്ച തിരിച്ചുകിട്ടിയതായെനിക്ക് തോന്നി. രാജാവുയർത്തിപ്പിടിച്ച ഇടംകയ്യുടെ സ്നേഹം നിരസിച്ച് രാജചിഹ്നാങ്കിതമായ പതാകയ്ക്ക് മേലത് ഇരിപ്പുറപ്പിച്ചു. പിന്നെ ഏവരേയും ഞെട്ടിച്ചുകൊണ്ട് പറഞ്ഞു തുടങ്ങി....

''ഹേ ജനദ്രോഹിയായ രാജാവേ...' സുഖഭോഗങ്ങളിൽ മതിമറന്ന് ജീവിക്കുന്ന നീ ഈ സിംഹാസനത്തിന്റെ യഥാർത്ഥ ഉടമകളെ സ്വപ്നത്തിലെങ്കിലും ഓർക്കാറുണ്ടോ??''



രാജാവിന്റെ ചിരി മായുന്നത് ഞാൻ കണ്ടു. മിഴിച്ചു പോയ സദസിന്റെ നിശബ്ദതയിൻ കിളിയുടെ വാക്കുകൾ വീണ്ടും മുഴങ്ങി...

'ഓരോ അരിമണികളിലും നിന്റെ പേരെഴുതപ്പെടുന്ന ദിനാന്തങ്ങളിൽ ഒഴിഞ്ഞവയറുമായി കരഞ്ഞുറങ്ങിയ കർഷകർ, നിന്റെ യുദ്ധങ്ങൾക്ക് ആയുധമൊരുക്കാൻ, ഭോഗങ്ങൾക്ക് കോപ്പൊരുക്കാൻ, ആട്ടിത്തെളിക്കപ്പെട്ട ശാസ്ത്രജ്ഞർ, തൊഴിലാളികൾ, സ്ത്രീകൾ, ഓർക്കാറുണ്ടോ മഹാരാജാവെ....''

കിളിയുടെ ശബ്ദത്തിന് വാൾത്തലപ്പിനേക്കാൾ മൂർച്ച. കിളിയുടെ സ്വരം കലമ്പിയുയർന്ന് രാജസദസിന്റെ ഭിത്തികളിൽ പ്രതിധ്വനിച്ചു.

''നിന്റെ ആർഭാടങ്ങൾ മാലിന്യമായും, നിന്റെ ആർത്തി പട്ടിണിയായും, നീ നയിച്ചുതീർക്കുന്ന ജീവിതം രോഗങ്ങളായും വിളയുന്നത് നീ കാണുന്നില്ല...'

അകത്തളങ്ങളിൽ, ഇടനാഴികളിൽകണ്ട വാൾത്തലപ്പുകൾ ആയിരംമുനകൾ വച്ച് ജനനയനങ്ങളിൽ പ്രതിധ്വനിക്കുന്നത് ഞാൻകണ്ടു....

''ഹേ മന്ദനായ ചക്രവർത്തീ, നിന്റെ തടവുകാരനാണ് ഞാനെന്ന് വിചാരിച്ചോ നിന്റെ വാളിന്റെ മൂർച്ച നോക്കാൻ വന്ന ചാവേറാണ് ഞാൻ... കാണണോ എന്റെ ചോരയിൽ നിന്ന് നാളെയുടെ പൂക്കൾ വിരിയുന്നത്''

ഊരിപിടിച്ചവാളുമായിസിംഹാസനംവിട്ടെഴുന്നേൽക്കുന്ന രാജാവിനെ കണ്ട് എന്റെ ഹൃദയം നിലച്ചുപോയി. ഒരു കുതിപ്പിന് തടസമായി എത്തുമ്പോളേക്കും വാൾ പക്ഷിയുടെ ഒരു ചിറകു വേർപെടുത്തി വിശ്രമിച്ചിരുന്നു. ശക്തമായ ഒരു തൊഴിഎന്നെ ദൂരേയ്ക്ക് തെറുപ്പിച്ചു കളഞ്ഞു. മൂലയിൽ ചുരുണ്ട് കൂടുമ്പോഴേക്ക് ചുറ്റുമുയർന്ന ആരവങ്ങൾ എന്നെ ചവുട്ടി മെതിച്ച് കടന്നു പോയിരുന്നു.

അവയ്ക്ക് മീതെ ഒരിക്കൽക്കൂടി കിളി ജ്വലിച്ചുയരുന്നത് ഞാൻകേട്ടു.

''എന്റെ രക്തം വീണ നിന്റെ ഉടവാൾ ചരിത്രത്തിന് അടിയറ വെയ്ക്കേണ്ട നേരമായിരിക്കുന്നു..... അതിൽപ്പുരണ്ട ചോരയുടെ അവകാശികൾ നിന്നെത്തേടി യാത്ര തുടങ്ങിയിരിക്കുന്നു.....

സ്തുതിഗീതങ്ങൾ കേട്ട് ബധിരമായിപ്പോയ നിന്റെ കാതുകളുടെ ദൂരങ്ങൾക്കുമകലെ ആരവങ്ങൾ പിറവി കൊള്ളുന്നത് എനിക്ക് കേൾക്കാം....

നീ ചുട്ടെരിച്ചഗ്രാമങ്ങളുടെ ചങ്കിലിപ്പോളും തീയെരിയുന്നുണ്ട്.....

നിന്റെ കോട്ടകൊത്തളങ്ങൾ ചുഴറ്റിയറിയാൻ ആ വയലേലകളിൽ കൊടുങ്കാറ്റുകൾ

വിളവെടുക്കുന്ന കാലം വരുന്നു...';

കിളിയുടെ സ്വരം ഒന്ന് മുറിഞ്ഞു, എന്റെ നെഞ്ചിൽ സങ്കടം വന്നു നിറഞ്ഞു ;

'മിത്രമേ വിട പറയുകയാണോ? '

ചിതറിയതെങ്കിലും ഉറച്ച ശബ്ദം വീണ്ടും.....

''കിളികുലം ഒരിക്കലും അവസാനിക്കുന്നില്ല, എനിക്ക്ശേഷവും ഒരുപാടുകിളികൾ ആകാശത്തിന്റെഅതിരുകൾ നിറയെ പാടിപ്പറന്നുനടക്കും. നിന്റെ സുപ്രഭാതം പാടാനല്ല, നീ കൊന്നു തള്ളിയ അമ്മ പകർന്ന നേരിന്റെ മധുരംപകരാൻ... നോക്ക്, മരിച്ചു പോയ നദിക്കുമപ്പുറം; വരണ്ടുണങ്ങിയ വയലുകളും മണൽക്കാടുകളും താണ്ടിവരുന്നത് നിനക്ക് വിചാരണ ചെയ്യാനുള്ള ബലിമൃഗങ്ങളല്ല, നിന്നെ വിധിക്കാനുള്ള പൗരാവലിയാണ് '

രാജാവിന്റെ നേത്രങ്ങളിൽ ഭയംകൂടുകൂട്ടുന്നത് കണ്ട് ഞാനെഴുന്നേറ്റു. രാജസദസ്സിന്റെ തിക്കിതിരക്കിനിടയിലൂടെ ഞാനും കണ്ടു, അങ്ങ് ദൂരെ മരുഭൂമിയിലെ കാവൽമാടങ്ങൾ തകർത്ത്, നദിയിലെ ഉറവുകളെ ഉണർത്തി, തരിശുകളെ നനച്ച്, മുന്നോട്ട് കുതിക്കുന്ന പോരാളിക്കൂട്ടങ്ങൾ... വീണ്ടുകിട്ടിയ ആകാശത്തിൽ നിറഞ്ഞുപറക്കുന്ന, പാടുന്ന പക്ഷികൾ. മണലാരണ്യത്തിന്റെ ദണ്ഡനങ്ങൾ കുടഞ്ഞെറിഞ്ഞ് മുളയ്ക്കാൽ വെമ്പുന്ന വിത്തുകൾ. വിയർത്ത ദേഹങ്ങൾ, ചുരത്തുന്ന മുലകൾ, പുഞ്ചിരിക്കുന്ന മുഖങ്ങൾ...

കിളിയുടെ ചോര പറ്റിയ തുരുമ്പിച്ച വാൾതലപ്പുകൾക്കിടയിലൂടെ നടന്ന്, കോട്ടവാതിൽ മലർക്കെ തുറന്ന്.... അവരുടെ വരവിനായി ഞാൻ കാത്തു നിന്നു.

പുറകിൽ കിളിയുടെ ജഡവും കുറെ പ്ലാസ്റ്റിക്ക് പൂക്കളും.

# KERALA PUBLIC SERVICE COMMISSION
# NOTIFICATION

**GAZETTE DATE : 15.11.2021**
**LAST DATE : 22.12.2021**

**കാറ്റഗറി നമ്പർ : 511/2021**
**വിഭാഗം I (ജനറൽ കാറ്റഗറി)**

കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ താഴെപ്പറയുന്ന ഉദ്യോഗത്തിന് തെരഞ്ഞെടുക്കപ്പെടുന്നതിന് നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും ഓൺലൈനിലൂടെ ഒറ്റത്തവണ രജിസ്ട്രേഷൻ വഴി അപേക്ഷകൾ ക്ഷണിക്കുന്നു.

| | | |
|---|---|---|
| **സ്ഥാപനം** | : | **കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്** |
| **ഉദ്യോഗപ്പേര്** | : | **ജനറൽ മാനേജർ ( പ്രൊജക്ട്)** |
| **ശമ്പളം** | : | **₹ 27800-56700 /-** |
| **ഒഴിവുകളുടെ എണ്ണം** | : | **01 (ഒന്ന്)** |

**നിയമനരീതി :** നേരിട്ടുള്ള നിയമനം

**പ്രായപരിധി :** 18 - 40. ഉദ്യോഗാർത്ഥികൾ 02/01/1981 നും 01/01/2003 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പടെ). മറ്റ് പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/പട്ടികവർഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃതം അനുവദനീയമായ വയസ്സിളവ് ലഭിക്കുന്നതാണ്. (വയസ്സിളവിനെ

**യോഗ്യതകൾ**

1)കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാല അംഗീകരിച്ചിട്ടുള്ള ബി.ടെക്കും, എം.ബി.എയും, 12 വർഷത്തെ പ്രവൃത്തി പരിചയവും

**അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 22.12.2021** ബുധനാഴ്ച രാത്രി 12 മണി വരെ.

**അപേക്ഷ അയക്കേണ്ട മേൽവിലാസം :** www.keralapsc.gov.in

*വിശദവും ആധികാരികവുമായ വിവരങ്ങൾക്ക് പി.എസ്.സി പ്രസിദ്ധീകരിച്ചിട്ടുള്ള ഒറിജിനൽ വിജ്ഞാപനവുമായി ഒത്തുനോക്കേണ്ടതാണ്*

# KERALA PUBLIC SERVICE COMMISSION
# NOTIFICATION

**GAZETTE DATE : 15.11.2021**
**LAST DATE : 22.12.2021**

<u>കാറ്റഗറി നമ്പർ : 513/2021</u>

വിഭാഗം I (ജനറൽ കാറ്റഗറി)

കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ താഴെപ്പറയുന്ന ഉദ്യോഗത്തിന് തെരഞ്ഞെടുക്കപ്പെടുന്നതിന് നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും ഓൺലൈനിലൂടെ ഒറ്റത്തവണ രജിസ്ട്രേഷൻ വഴി അപേക്ഷകൾ ക്ഷണിക്കുന്നു.

| | |
|---|---|
| സ്ഥാപനം | : കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ് |
| ഉദ്യോഗപ്പേര് | : വർക്ക്സ് മാനേജർ |
| ശമ്പളം | : ₹ 22800-48000 /- |
| ഒഴിവുകളുടെ എണ്ണം | : 01 (ഒന്ന്) |

**നിയമനരീതി :** നേരിട്ടുള്ള നിയമനം

**പ്രായപരിധി :** 18 - 40. ഉദ്യോഗാർത്ഥികൾ 02/01/1981` നും 01/01/2003 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പടെ). മറ്റ് പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/പട്ടികവർഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃതം അനുവദനീയമായ വയസ്സിളവ് ലഭിക്കുന്നതാണ്. (വയസ്സിളവിനെ

**യോഗ്യതകൾ**

1)കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാല അംഗീകരിച്ചിട്ടുള്ള മെക്കാനിക്കൽ അല്ലെങ്കിൽ ഇലക്ട്രിക്കൽ എഞ്ചിനീറിംഗിലുള്ള ബിരുദം .

2) ചുരുങ്ങിയത് 2 വർഷത്തെ മാനേജീരിയൽ കേഡറിലുള്ള റബ്ബറൈസ്ഡ് കയർ പ്രോഡക്ട്സിന്റെ ഉല്പാദന മേഖലയിലെ പ്രവൃത്തി പരിചയത്തോടു കൂടിയ 5 വർഷത്തെ വ്യാവസായിക പ്രവൃത്തി പരിചയം .

**അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി : 22.12.2021** ബുധനാഴ്ച രാത്രി 12 മണി വരെ.

**അപേക്ഷ അയക്കേണ്ട മേൽവിലാസം :** www.keralapsc.gov.in

*<u>വിശദവും ആധികാരികവുമായ വിവരങ്ങൾക്ക് പി.എസ്.സി പ്രസിദ്ധീകരിച്ചിട്ടുള്ള ഒറിജിനൽ വിജ്ഞാപനവുമായി ഒത്തുനോക്കേണ്ടതാണ്</u>*

# ഇൻഡ്യയൊട്ടാകെയുള്ള കയർഫെഡ് സ്വന്തം ഷോറൂമുകൾ

| Sl No | COIRFED Showrooms | Mobile(CUG) | Phone No. | e-mail address |
|---|---|---|---|---|
| 1 | Alappuzha | 8281009856 | 9847472870 | |
| 2 | Ananthapuri | 8281009847 | 0471-2327090 | coirfed.ananthapurisrm@gmail.com |
| 3 | Chalakudy | 8281009859 | 0480-2702916 | coirfed.chalakudysrm@gmail.com |
| 4 | Chengannur | 8281009854 | 0479-2453034 | coirfedchengannursrm@gmail.com |
| 5 | Cherthala | 9400725013 | | |
| 6 | Ernakulam | 8281009858 | 0484-2367508 | coirfed.ernakulamsrm@gmail.com |
| 7 | Kannur | 8281009864 | 0497-2707108 | |
| 8 | Kayamkulam | 8281009850 | 0479-2446335 | coirfedsrmkylm@gmail.com |
| 9 | Kollam | 8281009849 | 0474-2748954 | coirfed.kollamsrm@gmail.com |
| 10 | Kottayam | 8281009857 | 0481-2303279 | |
| 11 | Kozhikkode | 8281009863 | 0495-2549105 | |
| 12 | Malappuram | 8281009862 | 0483-2731806 | |
| 13 | Mavelikkara | 8281009852 | 0479-2343104 | coirfedsrmmavelikara@gmail.com |
| 14 | Nangyarkulangara | 8281009853 | 0479-2412219 | |
| 15 | Narmada | 8281009845 | 0471-2436956 | narmadacoirfed@gmail.com |
| 16 | Palakkad | 8281009826 | 0491-2546451 | coirfedsrmplkd@gmail.com |
| 17 | Parippally | 8281009848 | 0474-2576111 | |
| 18 | Pathanamthitta | 8281009873 | | |
| 19 | Sulthan Bathery | 8281009865 | 04936-265607 | |
| 20 | Sreekariyam | | 9349109251 | |
| 21 | Thirur | 8281009861 | 0494-2421441 | |
| 22 | Thrissur | 8281009860 | 0487-2323723 | coirfed.thrissursrm@gmail.com |
| 23 | Trida | 8281009846 | 0471-2328841 | coirfed.tridasrm@gmail.com |
| 24 | Ahmedabad | 09028073347 | 079-22122858 | |
| 25 | Ajmeer | 08769233721 | 0145-2620607 | |
| 26 | Amaravathy | 09421739326 | 0721-2576304 | |
| 27 | Amritsar | 09958272064 | 0183-2557747 | |
| 28 | Bhavanagar | 9497757231 | 0278-2516620 | |
| 29 | Bhopal | 09303964488 | 0755-2745923 | |
| 30 | Calcutta | 09163342270 | 033-22353029 | |
| 31 | Chennai | 09633428848 | 044-28511938 | coirfedchennai@gmail.com |
| 32 | Delhi | 09958272064 | 011-22544026 | |
| 33 | Indore | 09826537574 | 0731-2469889 | coirfedindorsrm@gmail.com |
| 34 | Gauhati | 07319562716 | 0361-2544845 | coirfedguwahati@gmail.com |
| 35 | Jabalpur | 09450159009- 07024347446 | | 0761-5007765 |
| 36 | Jaipur | 09950838171 | 0141-2319806 | |
| 37 | Kolhapur | 07447330259 | 0231-2652003 | coirfedkolhapur@gmail.com |
| 38 | Kota | 09461700558 | 0744-2360952 | coirfed.kotasrm@gmail.com |
| 39 | Ludhiana | 09958272064 | 0161-2728238 | |
| 40 | Nagpur | 09422857737 | 0712-2768605 | coirfednagpur@gmail.com |
| 41 | Pondichery | 09633428848 | 0413-2333573 | coirfedpondicherry@gmail.com |
| 42 | Siliguri | 07319562716 | 0353-2430407 | |
| 43 | Surat I | 9497757231 | 0261-2438673 | |
| 44 | Surat II | | | |
| 45 | Trichy | 09750125580 | 09750125580 | |
| 46 | Pandurna | 09422857737 | 0716-4220183 | |
| 47 | Chapra | 09939066693 | 08986369244 | |
| 48 | Warud | 09421739326 | 0722-9234223 | |



# PAVIZHAM COIR

**MAHADEVIKKAD P.O, KARTHIKAPPALLY**

**Mob: 9847126103**





*ചെറുകിട-കയർ ഉത്പാദക, കയർ മാറ്റിംഗ്സ് ആൻഡ് മാറ്റിംഗ്സ് മേഖലകളിലെ തൊഴിലാളി യൂണിയൻ പ്രതിനിധികളുമായി വ്യവസായ നിയമ കയർ മന്ത്രി പി. രാജീവ് ആലപ്പുഴ ഗസ്റ്റ് ഹൗസിൽ കൂടികാഴ്ച നടത്തുന്നു. ആർ. നാസർ, അഡ്വ. കെ. പ്രസാദ് കയർ വികസന ഡയറക്ടർ വി.ആർ. വിനോദ് ഐ.എ.എസ്, കയർഫെഡ് പ്രസിഡന്റ് അഡ്വ.എൻ. സായികുമാർ, കയർ ക്ഷേമനിധി ബോർഡ് ചെയർമാൻ കെ.കെ. ഗണേശൻ, റ്റി.കെ. ദേവകുമാർ തുടങ്ങിയവർ സമീപം.*

# ലക്ഷ്യം കയർ മേഖലയുടെ സമഗ്ര വികസനം: മന്ത്രി പി. രാജീവ്

**ക**യർ മേഖലയിൽ സമഗ്ര വികസനം ലക്ഷ്യമിട്ടുള്ള ഇടപെടലാണ് സർക്കാർ നടത്തുന്നതെന്ന് വ്യവസായ മന്ത്രി പി. രാജീവ് പറഞ്ഞു. ആലപ്പുഴ ഗസ്റ്റ് ഹൗസിൽ ചെറുകിട കയർ ഉത്പാദന, കയർ മാറ്റ്സ് ആൻഡ് മാറ്റിംഗ്സ് മേഖലകളിലെ ട്രേഡ് യൂണിയൻ പ്രതിനിധികളുമായി കൂടിക്കാഴ്ച്ച നടത്തുകയായിരുന്നു അദ്ദേഹം.

ഒരു വീട്ടിൽ ഒരു കയർ ഉത്പന്നമെങ്കിലും എത്തുന്ന രീതിയിൽ ഉത്പാദന- വിപണന രംഗങ്ങളിൽ കാലത്തിനൊത്ത മാറ്റങ്ങൾ കൊണ്ടുവരാനാണ് ശ്രമിക്കുന്നത്. കയർ തൊഴിലാളികളുടെ വേതനവും ആനുകൂല്യങ്ങളും സംരക്ഷിക്കാനും മെച്ചപ്പെടുത്താനും ഇത് അനിവാര്യമാണ്.

കയർ ഭൂവസ്ത്ര പദ്ധതിക്ക് മികച്ച പ്രതികരണമാണ് ലഭിക്കുന്നത്. 14 ജില്ലകളിലും ഭൂവസ്ത്ര ശിൽപശാല നടത്തി. പദ്ധതി പ്രാദേശികതലത്തിൽ കൂടുതൽ വികേന്ദ്രീകരിച്ച് നടപ്പാക്കും. കേരളത്തിൽ ഉത്പാദിപ്പിക്കുന്ന കയർ കൊണ്ടുള്ള ഭൂവസ്ത്രം തന്നെ ഉപയോഗിക്കണം എന്ന് നിർദേശം നൽകിയിട്ടുണ്ട്.

കയറ്റുമതിക്കൊപ്പം കയർ ഉത്പന്നങ്ങൾക്ക് ആഭ്യന്തര വിപണിയും കണ്ടെത്തണം. വിപണിയുടെ ആവശ്യങ്ങൾക്കനുസരിച്ച് ഉത്പന്നങ്ങളുടെ ഗുണനിലവാരവും വൈവിധ്യവും വർധിപ്പിക്കേണ്ടതുണ്ടെന്നും മന്ത്രി പറഞ്ഞു.

കയർ മേഖലയുടെ വികസനം ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾക്ക് ട്രേഡ് യൂണിയൻ പ്രതിനിധികൾ പിന്തുണ അറിയിച്ചു. പി.പി. ചിത്തരഞ്ജൻ എം.എൽ.എ, കയർ വികസന ഡയറക്ടർ വി.ആർ. വിനോദ്, ആർ. നാസർ, അഡ്വ. കെ. പ്രസാദ്, റ്റി.കെ. ദേവകുമാർ, കയർഫെഡ് ചെയർമാൻ അഡ്വ. എൻ. സായികുമാർ, മാനേജിംഗ് ഡയറക്ടർ സി. സുരേഷ് കുമാർ, കയർ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ജി. ശ്രീകുമാർ, കയർ മെഷീൻ മാനുഫാക്ചറിംഗ് കമ്പനി മാനേജിംഗ് ഡയറക്ടർ പി.വി. ശശീന്ദ്രൻ, കയർ ക്ഷേമനിധി ബോർഡ് ചെയർമാൻ കെ.കെ.ഗണേശൻ, തുടങ്ങിയവരും പങ്കെടുത്തു.




# കയർ ഭൂവസ്ത്ര പദ്ധതി, കയർ വ്യവസായത്തിന് പുത്തൻ ഉണർവ് നൽകി: പി.രാജീവ്

**ക**യർ ഭൂവസ്ത്ര പദ്ധതി, കയർ വ്യവസായത്തിന് നൽകിയത് പുതിയൊരു ഉണർവും ഉത്സാഹവുമാണ് എന്ന് സംസ്ഥാന വ്യവസായ നിയമ കയർ മന്ത്രി പി. രാജീവ് പറഞ്ഞു. കയർ ഭൂവസ്ത്ര വിനിയോഗം സംബന്ധിച്ച് ഫേസ്ബുക്ക് പോസ്റ്റിലാണ് മന്ത്രി ഈ അഭിപ്രായം പ്രകടിപ്പിച്ചത്.

8000 ടൺ ആയിരുന്നു 2015-16 വരെ ശരാശരി കയർ ഉത്പാദനം. എന്നാൽ അതിനുശേഷം പ്രതിവർഷം 25% വളർച്ച നേടിക്കൊണ്ട് 2020-21ൽ 25,000 ടൺ ആയി അതുയർന്നു. ഈ വളർച്ച ലക്ഷ്യമിട്ട് ആവിഷ്കരിച്ച പദ്ധതിയാണ് കയർ ഭൂവസ്ത്ര പദ്ധതി.

ഈ പദ്ധതിയിലൂടെ ചകിരി ഉത്പാദനം, കയറുപിരി, ഉത്പന്ന നിർമ്മാണം എന്നീ മൂന്ന് മേഖലകളിൽ തൊഴിൽ നൽകാൻ സാധിക്കുന്നു. പ്രകൃതിക്ക് ചേർന്ന വിധത്തിൽ കുറഞ്ഞ ചെലവിൽ നടപ്പിലാക്കാൻ സാധിക്കുമെന്നതും നേട്ടമാണ്.

തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മണ്ണ്-ജല സംരക്ഷണത്തിനും റോഡ് നിർമ്മാണത്തിനുമായി 100 കോടി രൂപയുടെ കയർ ഭൂവസ്ത്ര വിതാനം ഇതുവരെ പൂർത്തിയാക്കിയിട്ടുണ്ട്.

2020-21 വെർചൽ കയർ കേരളയിൽ 121 കോടി രൂപയുടെ ധാരണാപത്രം ഒപ്പുവച്ചിട്ടുമുണ്ട്. 875 ഗ്രാമപഞ്ചായത്തുകളിലായി 1.68 കോടി ചതുരശ്ര മീറ്റർ കയർ ഭൂവസ്ത്രമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ധാരണാപത്രപ്രകാരം വിരിക്കാൻ സാധിക്കുക.

പി.ഡബ്യൂ.ഡി. റോഡുകളിലും കയർ ഭൂവസ്ത്രം വിനിയോഗിക്കുന്നതിനുള്ള സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ് എന്നും മന്ത്രി പറഞ്ഞു.



# കയർ ഭൂവസ്ത്ര വിനിയോഗം അവലോകന സെമിനാറുകൾ – 2

**ആ**ലപ്പുഴയിൽ നടന്ന വെർച്ച്വൽ കയർ കേരളയുടെ ഭാഗമായി സംസ്ഥാനത്തെ 14 ജില്ലകളിലായി നടത്തിയ കയർഭൂവസ്ത്ര സെമിനാറുകളിൽ ആകെ 121 കോടി രൂപയുടെ കയർ ഭൂവസ്ത്രം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ വിനിയോഗിക്കുന്നതിന് ഗ്രാമ പഞ്ചായത്തുകളുമായി കയർ വികസന വകുപ്പ് ധാരണാ പത്രം ഒപ്പിട്ടിരുന്നു. എന്നാൽ കോവിഡ് മഹാമാരിയുടെ രണ്ടാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനം നിശ്ചലമാവുകയും കയർ ഭൂവസ്ത്ര വിനിയോഗവും സ്തംഭിക്കുന്ന അവസ്ഥ സംജാതമായി.

ഈ സാഹചര്യത്തിൽ കയർ സംഭരണവും വിപണനവും വലിയ പ്രതിസന്ധിയിലേക്ക് നീങ്ങുകയുണ്ടായി. രണ്ടാം പിണറായി സർക്കാരിൽ വ്യവസായ നിയമ കയർ മന്ത്രിയായ പി. രാജീവ് ഈ വിഷയത്തിൽ വളരെ ഗൗരവപൂർവം ഇടപെടുകയും ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുചേർത്ത് കയർ ഭൂവസ്ത്ര വിനിയോഗം ഊർജിതപ്പെടുത്താൻ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. മന്ത്രിയുടെ നിർദ്ദേശാനുസരണം കയർ വികസന വകുപ്പിന്റെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും കയർ ഭൂവസ്ത്ര വിനിയോഗം സംബന്ധിച്ച് രണ്ടാംഘട്ട സെമിനാറുകൾ സംഘടിപ്പിച്ചു. സെമിനാറുകളിൽ പഞ്ചായത്ത് ഭരണസമിതി ഭാരവാഹികളും ഉദ്യോഗസ്ഥരും പങ്കെടുക്കുകയും കയർഭൂവസ്ത്ര വിനിയോഗം വ്യാപിപ്പിക്കുന്നതിനുള്ള ഓർഡറുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. ഇപ്രകാരം വിവിധ ജില്ലകളിൽ നടന്ന കയർ ഭൂവസ്ത്ര സെമിനാറുകളുടെ റിപ്പോർട്ടിന്റെ ആദ്യഭാഗം കഴിഞ്ഞ ലക്കം കയർ വ്യവസായം മാസികയിൽ പ്രസിദ്ധീകരിച്ചിരുന്നു. തുടർന്ന് നടന്ന സെമിനാറുകളുടെ റിപ്പോർട്ടാണ് ഇവിടെ ചേർക്കുന്നത്.

## തിരുവനന്തപുരം ജില്ലാ കയർ ഭൂവസ്ത്ര സെമിനാർ



*തിരുവനന്തപുരം ജില്ലാ കയർ ഭൂവസ്ത്ര സെമിനാർ കയർ വികസന ഡയറക്ടർ വി.ആർ. വിനോദ് ഐ.എ.എസ് ഉദ്ഘാടനം ചെയ്യുന്നു. കയർഫെഡ് പ്രസിഡന്റ് അഡ്വ. എൻ. സായികുമാർ, മാനേജിംഗ് ഡയറക്ടർ സി. സുരേഷ് കുമാർ, ജനറൽ മാനേജർ ബി. സുനിൽ തുടങ്ങിയവർ സമീപം.*

**തി**രുവനന്തപുരം ജില്ലാ കയർ ഭൂവസ്ത്ര സെമിനാർ കണിമംഗലം കൺവെൻഷൻ സെന്ററിൽ വച്ച് നടന്നു. സെമിനാറിന്റെ ഉദ്ഘാടനം കയർ വികസന ഡയറക്ടർ വി.ആർ. വിനോദ് ഐ.എ.എസ് നിർവഹിച്ചു. ചടങ്ങിൽ കയർഫെഡ് പ്രസിഡന്റ് അഡ്വ.എൻ. സായികുമാർ അദ്ധ്യക്ഷത വഹിച്ചു. കയർഫെഡ് മാനേജിംഗ് ഡയറക്ടർ സി.സുരേഷ് കുമാർ മുഖ്യ പ്രഭാഷണം നടത്തി.

പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഹരിപ്രസാദ്, പഞ്ചായത്ത് വകുപ്പ് ഡപ്യൂട്ടി ഡയറക്ടർ ത്രേസ്യാമ്മ ആന്റണി, കയർഫെഡ് ജനറൽ മാനേജർ ബി. സുനിൽ എന്നിവർ ആശംസകൾ അർപ്പിച്ചു.

തുടർന്ന് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും കയർ ഭൂവസ്ത്രവിതാനവും എന്ന വിഷയത്തിൽ തൊഴിലുറപ്പ് മിഷൻ തിരുവന്തപുരം ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ ഡോ. റ്റി.ഷാജി, കയർ ഭൂവസ്ത്രവിതാനം സാങ്കേതികവശങ്ങൾ എന്ന വിഷയത്തിൽ കയർഫെഡ് ജനറൽ മാനേജർ ബി. സുനിൽ എന്നിവർ ക്ലാസുകൾ നയിച്ചു.



*തിരുവനന്തപുരം ജില്ലാ കയർ ഭൂവസ്ത്ര സെമിനാറിൽ പങ്കെടുത്ത പ്രതിനിധികൾ.*



*തിരുവനന്തപുരം ജില്ലാ കയർ ഭൂവസ്ത്ര സെമിനാറിൽ കയർഫെഡ് പ്രസിഡന്റ് അഡ്വ. എൻ. സായികുമാർ സംസാരിക്കുന്നു. മാനേജിംഗ് ഡയറക്ടർ സി. സുരേഷ് കുമാർ, ജനറൽ മാനേജർ ബി. സുനിൽ തുടങ്ങിയവർ സമീപം.*

ഇതുവരെ ഉത്പന്നമേഖലയിൽ ചിറയിൻകീഴ് പ്രോജക്ടിന് കീഴിലുള്ള സംഘങ്ങൾക്ക് എടുത്തുപറയാവുന്ന മേൽവിലാസം ഉണ്ടായിരുന്നില്ല. എന്നാൽ കയർ വികസന ഡയറക്ടറുടെ നിർദ്ദേശം അനുസരിച്ച് കയർ ഭൂവസ്ത്രപദ്ധതിയുടെ ഇംപ്ലിമെന്റിംഗ് ഏജൻസിയായ കയർഫെഡിന്റെ സ്റ്റോൾ ഒരുക്കിയപ്പോൾ അതിനു സമീപത്തായി പ്രോജക്ടിന് കീഴിലുള്ള സംഘങ്ങൾക്ക്കൂടി അവരുടെ ഉത്പന്നങ്ങൾ പ്രദർശിപ്പിക്കാൻ അവസരം നൽകി.

അതൊരു പുതിയ അദ്ധ്യായം രചിച്ചു എന്ന് പറയാം. വിവിധ വർണ്ണത്തിലും വലുപ്പത്തിലുമുള്ള മാറ്റുകൾ, പിത്ത് ഉപയോഗിച്ചുള്ള ജൈവ വളം, മെത്തകൾ, എന്നിവയുടെ ഉന്നത നിലവാരം പുലർത്തുന്ന സ്റ്റോളുകൾ കയർഫെഡിനോടൊപ്പം അവർ തയാറാക്കി.

ഈ സ്റ്റോളുകൾ, സെമിനാറിന് എത്തിയ പഞ്ചായത്ത് പ്രതിനിധികൾക്കും സ്റ്റോളുകൾ തയാറാക്കിയ സംഘങ്ങൾക്കും പുതിയ ഒരനുഭവം സമ്മാനിച്ചു.

അതിനെല്ലാം ഉപരിയായി ഈ സംഘങ്ങൾക്ക് തുടർന്ന് പ്രയോജനപ്പെടാവുന്ന ബിസിനസ് എൻക്വയറി ലഭിച്ചതോടൊപ്പം വിൽപനക്ക് വച്ചിരുന്ന കുറച്ചധികം ഉത്പന്നം വിറ്റുപോകുകയും ചെയ്തു.

അങ്ങനെ ഉത്പന്നമേഖലയിൽ ചിറയിൻകീഴ് പ്രോജക്ടിനും ചിലതെല്ലാം ചെയ്യാനാവുമെന്ന് ആത്മവിശ്വാസം നൽകുന്ന ഒന്നായി കയർ ഭൂവസ്ത്രസെമിനാർ. ചിറയിൻകീഴ് കയർ പ്രോജക്ട് ഓഫീസർ കെ.ജെ. പ്രഭുകുമാർ സ്വാഗതവും അസിസ്റ്റന്റ് രജിസ്ട്രാർ ആർ. റഹ്മത് നന്ദിയും പറഞ്ഞു.

തിരുവനന്തപുരം ജില്ലയിലെ 11 ബ്ലോക്ക് പഞ്ചായത്തുകൾക്കു കീഴിലെ 73 ഗ്രാമ പഞ്ചായത്തുകളിൽ നിന്നുമായി 300 പ്രതിനിധികൾ സെമിനാറിൽ പങ്കെടുത്തു. സെമിനാറിനുശേഷം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്മാരുടെ നേതൃത്വത്തിൽ നടന്ന ഗ്രൂപ്പ് ചർച്ചയിൽ 7,21,626 സ്ക്വയർമീറ്റർ (5,30,39,511രൂപയുടെ) കയർ ഭൂവസ്ത്ര പദ്ധതികൾ മാർച്ച് 31 ന് മുൻപ് നടപ്പിലാക്കുമെന്ന് ഉറപ്പ് നൽകി.



*തിരുവനന്തപുരം ജില്ലാ കയർ ഭൂവസ്ത്ര സെമിനാറിൽ കയർഫെഡ് ഒരുക്കിയ സ്റ്റാൾ കയർ വികസന ഡയറക്ടർ വി.ആർ. വിനോദ് ഐ.എ.എസ്. സന്ദർശിച്ചപ്പോൾ.*

# കണ്ണൂർ കയർ ഭൂവസ്ത്ര വിതാന പദ്ധതി: 64 പഞ്ചായത്തുകൾ ധാരണാപത്രം ഒപ്പിട്ടു

**നാ**ടിന്റെ ജൈവഘടന നിലനിർത്തുന്നതിന് കയർ ഭൂവസ്ത്ര വിതാനം സഹായിക്കുമെന്നും ഇതിന്റെ സാധ്യതകളെ തദ്ദേശ സ്ഥാപനങ്ങൾ പ്രയോജനപ്പെടുത്തണമെന്നും കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.പി. ദിവ്യ പറഞ്ഞു. കയർ വികസന വകുപ്പിന്റെ നേതൃത്വത്തിൽ നടന്ന കയർ ഭൂവസ്ത്രം പദ്ധതി അവലോകന സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ.

കോവിഡിനെ തുടർന്ന് മന്ദഗതിയിലായ പ്രവർത്തനങ്ങൾ സജീവമാക്കി കയർ ഭൂവസ്ത്ര വിതാന പദ്ധതി വ്യാപിപ്പിക്കാനാണ് കയർ വികസന വകുപ്പിന്റെ നേതൃത്വത്തിൽ സെമിനാർ സംഘടിപ്പിച്ചത്.

മണ്ണൊലിപ്പ് തടയൽ, ചരിവ് പ്രദേശത്തെ കൃഷി സംരക്ഷണം, തോടുകളുടെയും നീർച്ചാലുകളുടെയും കുളങ്ങളുടെയും തീരസംരക്ഷണം, കൃഷി ആവശ്യങ്ങൾക്ക് കയർ പുതയിടൽ വസ്തുക്കളുടെ ഉപയോഗം, താങ്ങ് ചുമർ എന്നിവയുടെ നിർമ്മാണം തുടങ്ങി കയർ ഭൂവസ്ത്രത്തിന്റെ ഉപയോഗ സാധ്യതകൾ സെമിനാർ ചർച്ച ചെയ്തു.




*കണ്ണൂർ ജില്ലാ കയർ ഭൂവസ്ത്ര സെമിനാർ കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.പി. ദിവ്യ ഉദ്ഘാടനം ചെയ്യുന്നു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.സി. ജിഷ, കൗൺസിലർ ഷമീമ, പി.എം. ധനീഷ് തുടങ്ങിയവർ സമീപം.*

കോവിഡും മഴയും കാരണം നീണ്ടുപോയ കയർഭൂവസ്ത്രം പദ്ധതി വരുന്ന രണ്ടോ മൂന്നോ മാസം കൊണ്ട് തദ്ദേശസ്ഥാപനങ്ങൾ പൂർത്തിയാക്കണമെന്ന് സെമിനാറിൽ ധാരണയായി. കഴിഞ്ഞ ഫെബ്രുവരിയിൽ നടന്ന സെമിനാറിൽ 4,54,885 ചതുശ്ര മീറ്റർ കയർ ഭൂവസ്ത്രം വാങ്ങാൻ കയർഫെഡും കയർ വകുപ്പ് എന്നിവയുമായി ജില്ലയിലെ 52 പഞ്ചായത്തുകൾ ധാരണാപത്രം ഒപ്പുവെച്ചിരുന്നു. പക്ഷേ ഇതുവരെ 20,000 ചതുരശ്ര മീറ്റർ മാത്രമേ പഞ്ചായത്തുകൾ ഓർഡർ നൽകിയുള്ളൂ. മഴ മാറിയാലേ ഭൂവസ്ത്രം വിരിക്കാൻ തുടങ്ങാനാവൂ എന്നതാണ് കാരണം.

മഴ മാറുമെന്ന പ്രതീക്ഷയിൽ ഇനിയുള്ള മാസങ്ങളിൽ ജോലിക്ക് വേഗം കൂട്ടണമെന്നാണ് ധാരണ. തോടുകളുടെയും ജലാശയങ്ങളുടെയും വശങ്ങളിൽ മണ്ണൊലിപ്പ് തടയാൻ കല്ലുകൊണ്ട് കൈയ്യാല ഇടുന്നതിനു പകരം കയർ വല കെട്ടി അതിനുമേൽ പുല്ലു വെച്ചുപിടിപ്പിക്കുന്നതാണ് പദ്ധതി. കാലാവസ്ഥാ വ്യതിയാനം മൂലം തീവ്രമഴ വ്യാപകമായ സാഹചര്യത്തിൽ മേൽമണ്ണ് നഷ്ടപ്പെടാതെ കാക്കാൻ ഇത് ഫലപ്രദമാണെന്ന് സെമിനാറിൽ പങ്കെടുത്തവർ ചൂണ്ടിക്കാട്ടി. ഒരിഞ്ച് വലിപ്പമുള്ള കയർ ഭൂവസ്ത്രം കൊണ്ട് 30 ശതമാനം വരെയുള്ള ചെരിവിലും അരയിഞ്ച് വലിപ്പമുള്ള കണ്ണി കൊണ്ട് 50 ശതമാനം വരെയുള്ള ചെരിവിലും കാൽ ഇഞ്ച് വരെ വലിപ്പമുള്ള കണ്ണികൊണ്ട് നൂറു ശതമാനം വരെയും ചെരിവിലും മണ്ണൊലിപ്പ് തടയാം. ജലം സംഭരിച്ചു നിറുത്താനുള്ള ഭൂമിയുടെ ശേഷി 16 മുതൽ 21 ശതമാനം വരെ ഉയരുകയും ചെയ്യും

നവംബർ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ 3,52,042 ചതുരശ്ര മീറ്റർ കയർ ഭൂവസ്ത്ര വിതാന പദ്ധതികൾ നടപ്പാക്കാൻ കയർഫെഡിന് സപ്ലൈ ഓർഡർ നൽകും. കയർഫെഡ് ഉൽപ്പന്നങ്ങളുടെ പ്രദർശനവും നടന്നു.

കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.സി. ജിഷ അധ്യക്ഷത വഹിച്ചു. കയർ വികസന ഡയറക്ടർ വി.ആർ. വിനോദ് ഐ.എ.എസ് മുഖ്യപ്രഭാഷണം നടത്തി. കയർ പ്രോജക്ട് ആഫീസർ എസ്.കെ. സുരേഷ് കുമാർ റിപ്പോർട്ട് അവതരിപ്പിച്ചു. തൊഴിലുറപ്പ് പദ്ധതി ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ ടി.പി. ഹൈദരലി, കയർഫെഡ് മാർക്കറ്റിംഗ് മാനേജർ ശ്രീവർദ്ധൻ നമ്പൂതിരി എന്നിവർ ക്ലാസ് നയിച്ചു. കോർപ്പറേഷൻ ക്ഷേമകാര്യ സ്ഥിരം സമിതി അധ്യക്ഷ ഷമീമ, പഞ്ചായത്ത് അസി. ഡയറക്ടർ പി.എം. ധനീഷ് എന്നിവർ പ്രസംഗിച്ചു.



*കണ്ണൂർ ജില്ലാ കയർ ഭൂവസ്ത്ര സെമിനാറിൽ കയർഫെഡ് ഒരുക്കിയ സ്റ്റാൾ കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.പി. ദിവ്യ സന്ദർശിച്ചപ്പോൾ.*

# കാസർകോഡ് ജില്ലയിൽ 1.57 ലക്ഷം ച.മീറ്റർ കയർ ഭൂവസ്ത്രം വിരിക്കും

നദീതീര സംരക്ഷണത്തിനും മണ്ണൊലിപ്പ് തടയുന്നതിനുമായി കാസർകോഡ് ജില്ലയിൽ 1.57 ലക്ഷം ചതുരശ്ര മീറ്റർ കയർ ഭൂവസ്ത്രം വിരിക്കുന്നതിന് ധാരണയായി. മാർച്ച് വരെയുള്ള 5 മാസങ്ങളിലായി പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. കയർഫെഡാണ് ഇതിനാവശ്യമായ കയർ ഭൂവസ്ത്രം വിതരണം ചെയ്യുന്നത്.

കാസർഗോഡ് ജില്ല കയർ ഭൂവസ്ത്ര പദ്ധതി അവലോകന സെമിനാർ കാഞ്ഞങ്ങാട് വ്യാപാരഭവൻ ഹാളിൽ വച്ച് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ബേബി ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ജില്ലയിലെ 38 ഗ്രാമപഞ്ചായത്തുകളിൽ 36 പഞ്ചായത്തുകളിലെയും 6 ബ്ലോക്ക് പഞ്ചായത്തുകളിലെയും പ്രതിനിധികൾ പങ്കെടുത്തു. 2021 ഫെബ്രുവരി യിൽ 380000 ച.മീ. ധാരണ പത്രം വെച്ചതിൽ കഴിഞ്ഞ മാസം വരെ സപ്ലൈ ഓർഡർ നൽകിയിരുന്നില്ല. നവംബർ മാസത്തിൽ 1400ച.മീ. സപ്ലൈ ഓർഡർ നൽകി. കഴിഞ്ഞ സാമ്പത്തിക വർഷത്തിലും കാസർഗോഡ് ജില്ലയുടെ ഭൂമിശാസ്ത്ര പരമായ പ്രത്യേകതകളും മറ്റും കാരണം ഏതാണ്ട് 20000 ച.മീ. മാത്രമാണ് സപ്ലൈ ഓർഡർ നൽകിയത്.

ഗ്രൂപ്പ് ചർച്ചക്ക് ശേഷം ഈ സാമ്പത്തിക വർഷത്തിൽ 157000 ച.മീറ്ററിന് ഓർഡർ നൽകാമെന്നു ബ്ലോക്ക് പഞ്ചായത്ത് പ്രതിനിധികൾ രേഖാമൂലം

റിപ്പോർട്ട് ചെയ്തു. 100%ലക്ഷ്യപൂർത്തീകരണത്തിനായി ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിനു പഞ്ചായത്തുകളിൽ ഫീൽഡ് തല സർവേകൾ നടത്തുന്നതാണെന്നു ഗ്രൂപ്പ് തല ചർച്ചയിൽ പഞ്ചായത്തുകളിൽ നിന്നും ഉറപ്പ് ലഭിച്ചു. കൂടാതെ ധാരണപത്രത്തിലെക്കാളും കുറഞ്ഞ അളവിൽ ഡിമാൻഡ് വെച്ച ബ്ലോക്കുകളിൽ പ്രത്യേക യോഗങ്ങൾ വിളിച്ചു ടാർഗറ്റ് എത്താനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു.

സെമിനാറിൽ നഗരസഭാ ചെയർപേഴ്സൺ കെ.വി. സുജാത അദ്ധ്യക്ഷത വഹിച്ചു. കൗൺസിലർ കുസുമ ഹെഗ്ഡെ, ജില്ലാ മണ്ണു ജല സംരംക്ഷണ ഓഫീസർ വി.എം. അശോക് കുമാർ, ആർ.എസ്. ശ്രീജ എന്നിവർ സംസാരിച്ചു. എസ്.കെ. സുരേഷ്കുമാർ സ്വാഗതവും, പി. ശാലിനി നന്ദിയും പറഞ്ഞു. കെ. പ്രദീപ്, ശ്രീവർദ്ധൻ നമ്പൂതിരി എന്നിവർ ക്ലാസുകൾ എടുത്തു.

# എറണാകുളം ജില്ല കയർ ഭൂവസ്ത്ര പദ്ധതി അവലോകന സെമിനാർ



*എറണാകുളം ജില്ലാ കയർ ഭൂവസ്ത്ര സെമിനാർ വ്യവസായ, കയർ, നിയമ മന്ത്രി പി. രാജീവ് ഉദ്ഘാടനം (ഓൺലൈൻ) ചെയ്യുന്നു.*

**ക**യർ വികസന വകുപ്പ് വടക്കൻ പറവൂർ പ്രോജക്ട് ഓഫിസും തദ്ദേശ സ്വയം ഭരണ വകുപ്പിന്റെയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എറണാകുളം ജില്ലാ മിഷന്റെയും സംയുക്ത ആഭിമുഖ്യത്തിൽ എറണാകുളം ജില്ലയിലെ കയർ ഭൂവസ്ത്ര പരിപാടിയുടെ പൂർത്തീകരണത്തിനായി ഏകദിന സെമിനാർ നടത്തി.

സെമിനാർ വ്യവസായ, കയർ, നിയമ മന്ത്രി പി. രാജീവ് ഉദ്ഘാടനം (ഓൺലൈൻ) ചെയ്തു. സെമിനാറിൽ എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ് അധ്യക്ഷനായി. കയർ വികസന ഡയറക്ടർ വി.ആർ. വിനോദ് ഐ.എ.എസ് മുഖ്യ പ്രഭാഷണം നടത്തി. 2021 ജനുവരി 30 ന് നടന്ന കയർ ഭൂവസ്ത്ര ജില്ലാ സെമിനാറിൽ 66 ഗ്രാമ പഞ്ചായത്തുകൾ 894000 ച.മീറ്റർ കയർ ഭൂവസ്ത്ര പദ്ധതിയ്ക്ക് ധാരണാപത്രം ഒപ്പുവെച്ചിരുന്നു. എന്നാൽ കോവിഡ്–19 വ്യാപിച്ചതോടെ നിലവിൽ വന്ന നിയന്ത്രണങ്ങൾ മൂലം തൊഴിൽ ഉറപ്പ് പദ്ധതി മന്ദഗതിയിലായി. 2021–22 വർഷത്തിൽ 94134 ച.മീറ്റർ ഓർഡർ മാത്രമാണ് നൽകിയത്. ആയത് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.




*എറണാകുളം ജില്ലാ കയർ ഭൂവസ്ത്ര സെമിനാറിൽ കയർഫെഡ് ഒരുക്കിയ സ്റ്റാൾ കയർ വികസന ഡയറക്ടർ വി.ആർ വിനോദ് ഐ.എ.എസ്. സന്ദർശിച്ചപ്പോൾ.*



*എറണാകുളം ജില്ലാ കയർ ഭൂവസ്ത്ര സെമിനാറിൽ എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ് തിരി തെളിക്കുന്നു. കയർ വികസന ഡയറക്ടർ വി.ആർ. വിനോദ് ഐ.എ.എസ്, എ.ബി.സി അംഗം ടി.ആർ. ബോസ് തുടങ്ങിയവർ സമീപം.*

പദ്ധതി അവലോകനം ചെയ്ത് നടത്തിപ്പിന്റെ വേഗത വർദ്ധിപ്പിക്കാൻ ലക്ഷ്യം വച്ച് നടത്തിയ സെമിനാറിൽ 5,36,506 ച.മീറ്റർ കയർ ഭൂവസ്ത്ര പദ്ധതി അടുത്ത നാല് മാസങ്ങളിൽ നടപ്പാക്കുന്നതിന് പഞ്ചായത്തുകൾ തീരുമാനമെടുത്തു. കയർ പ്രോജക്ട് ഓഫീസർ കെ.എം. ഇന്ദിര സ്വാഗതം പറഞ്ഞു. കയർ ഇൻസ്പെക്ടർ അന്നു ജീജ നന്ദി പറഞ്ഞു. കയർ ഭൂവസ്ത്ര വിതാനം സാങ്കേതിക വശങ്ങളെക്കുറിച്ച് കയർ കോർപ്പറേഷൻ പ്രതിനിധി അരുൺ ചന്ദ്രൻ വിഷയാവതരണം നടത്തി.

എറണാകുളം ജില്ലാ ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ ട്രീസ ജോസ് തൊഴിലുറപ്പ് പദ്ധതിയെ കുറിച്ച് വിശദീകരിച്ചു. എറണാകുളം ഡപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത് കെ.ജെ. ജോസ്, എ.ബി.സി അംഗം റ്റി.ആർ.ബോസ് എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു.

# കയർ ഭൂവസ്ത്ര സെമിനാർ ആലപ്പുഴ



*ആലപ്പുഴ ജില്ലാ കയർ ഭൂവസ്ത്ര സെമിനാർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ജി. രാജേശ്വരി ഉദ്ഘാടനം ചെയ്യുന്നു. ആലപ്പുഴ നഗരസഭാധ്യക്ഷ സൗമ്യ രാജ്, കയർ വികസന ഡയറക്ടർ വി.ആർ വിനോദ് ഐ.എ.എസ്. തുടങ്ങിയവർ സമീപം.*

ആലപ്പുഴ കയർ പ്രോജക്ടിന്റെ പരിധിയിൽ വരുന്ന 38 ഗ്രാമ പഞ്ചായത്തുകളിലെയും 7 ബ്ലോക്ക് പഞ്ചായത്തുകളിലെയും 150 പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് നടന്ന കയർ ഭൂവസ്ത്ര ഏകദിന സെമിനാറിന്റെ ഉദ്ഘാടനം ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ജി.രാജേശ്വരി നിർവ്വഹിച്ചു. ആലപ്പുഴ നഗരസഭ ചെയർപേഴ്സൺ സൗമ്യ രാജ് അദ്ധ്യക്ഷത വഹിച്ചു. കയർ വികസന ഡയറക്ടർ വി.ആർ വിനോദ് ഐ.എ.എസ്. മുഖ്യപ്രഭാഷണം നടത്തി. സംസ്ഥാനതലത്തിൽ ഏറ്റവും കൂടുതൽ കയർ ഭൂവസ്ത്ര വിതാനം നടത്തിയ നെടുമുടി പഞ്ചായത്തിനെയും ജില്ലാ തലത്തിൽ ഏറ്റവും കൂടുതൽ ഭൂവസ്ത്ര വിതാനം നടത്തിയ കൈനകരി പഞ്ചായത്തിനെയും ചടങ്ങിൽ ആദരിച്ചു.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ജില്ലാ ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ കെ.കെ. ഷാജു, കയർ കോർപ്പറേഷൻ പ്രതിനിധി ആർ. അശ്വിൻ എന്നിവർ ക്ലാസുകൾ നയിച്ചു. കയർ വികസന ഡയറക്ടറേറ്റിലെ ഡപ്യൂട്ടി രജിസ്ട്രാർ തോമസ് ജോൺ, അഞ്ജന സി.എസ്. ശാന്തി എ. ശബ്ന, എസ്. മധു എന്നിവർ പങ്കെടുത്തു. 2020-21ൽ ഒപ്പുവച്ച 19,50,882 ച.മീറ്ററിൽ 9,10,000 ച.മീറ്ററിന്റെ കയർ ഭൂവസ്ത്ര വിതാനം നടന്നു കഴിഞ്ഞിട്ടുണ്ട്. നിലവിൽ ഒന്നാം സ്ഥാനം ആലപ്പുഴ ജില്ലക്കാണ്.

2022 ഫെബ്രുവരിയ്ക്കുള്ളിൽ 9,75,000 ച.മീറ്ററിന്റെ കയർ ഭൂവസ്ത്രം കൂടി വിതാനിക്കുന്നതിന് ചർച്ചയിലൂടെ ധാരണയായി. 2022 മാർച്ച് മാസത്തിനുള്ളിൽ ധാരണ പത്ര പ്രകാരമുള്ള 19,50,882 ച.മീറ്ററിന്റെയും പദ്ധതി പൂർത്തീകരണം സാധ്യമാകുമെന്ന് പഞ്ചായത്ത് പ്രതിനിധികളുമായുള്ള ചർച്ചയിലൂടെ ബോധ്യമായി. സെമിനാറിൽ പങ്കെടുത്ത വിശിഷ്ട വ്യക്തികൾക്ക് ആലപ്പുഴ കയർ പ്രോജക്ട് ഓഫീസർ സുരേഷ് ബാബു ആർ.സ്വാഗതവും അസി. രജിസ്ട്രാർ കെ.എസ്. വിനയകുമാർ നന്ദിയും പറഞ്ഞു.

കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, കയർഫെഡ്, ബാംബൂ കോർപ്പറേഷൻ എന്നിവരുടെ കയർ-കരകൗശല ഉത്പന്ന സ്റ്റാളുകളും ആലപ്പുഴ കയർ പ്രോജക്ടിന്റെ പരിധിയിൽ നടന്ന കയർ ഭൂവസ്ത്ര വിതാനത്തിന്റെ ഫോട്ടോ പ്രദർശനവും പ്രസ്തുത ചടങ്ങിന്റെ മാറ്റ് കൂട്ടി.

# കായംകുളം കയർ പ്രോജക്ട് സെമിനാർ



*ആലപ്പുഴ ജില്ലയിലെ കായംകുളം കയർ പ്രോജക്ടിലെ കയർ ഭൂവസ്ത്ര സെമിനാർ രമേശ് ചെന്നിത്തല എം.എൽ.എ. ഉദ്ഘാടനം ചെയ്യുന്നു. കയർ വികസന ഡയറക്ടർ വി.ആർ. വിനോദ് ഐ.എ.എസ്, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ബിബിൻ സി. ബാബു തുടങ്ങിയവർ സമീപം.*

**കാ**യംകുളം കയർ പ്രോജക്ട് ഓഫീസും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷനും ആലപ്പുഴ തദ്ദേശ സ്വയം ഭരണ വകുപ്പും ചേർന്നു ആലപ്പുഴ ജില്ലയിലെ കായംകുളം പ്രോജക്ടിലെ കയർ ഭൂവസ്ത്ര പരിപാടിയുടെ രണ്ടാം അവലോകന സെമിനാർ മഹാദേവിക്കാട് ധന്യാ ഓഡിറ്റോറിയത്തിൽ നടന്നു. സെമിനാർ രമേശ് ചെന്നിത്തല എം.എൽ.എ ഉദ്ഘാടനം ചെയ്തു. കയർ വികസന ഡയറക്ടർ വി.ആർ. വിനോദ് ഐ.എ.എസ് മുഖ്യപ്രഭാഷണം നടത്തി. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ബിബിൻ സി. ബാബു അധ്യക്ഷനായി. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ കെ.കെ. ഷാജു, കയർ കോർപ്പറേഷൻ പ്രതിനിധി അരുൺ എന്നിവർ ചർച്ചാ ക്ലാസുകൾ നയിച്ചു. പ്രോജക്ട് പരിധിയിലുള്ള 5 ബ്ലോക്ക് പഞ്ചായത്തുകളിലെ 34 ഗ്രാമപഞ്ചായത്തുകൾ ഗ്രൂപ്പ് ചർച്ചകൾക്കുശേഷം 2021-22 വർഷത്തെ പദ്ധതിയായി 10.21 ലക്ഷം ചതുരശ്ര മീറ്റർ കയർ ഭൂവസ്ത്രം വിവിധ പദ്ധതികളിലായി വിനിയോഗിക്കാൻ ധാരണയായി.



*ആലപ്പുഴ ജില്ലയിലെ കായംകുളം കയർ പ്രോജക്ടിലെ കയർ ഭൂവസ്ത്ര സെമിനാറിൽ കയർ വികസന ഡയറക്ടർ വി.ആർ വിനോദ് ഐ.എ.എസ്. തിരി തെളിക്കുന്നു.*

*(ശേഷം പേജ് 31ൽ...)*

*With Best Compliments from:*

**YUCCA COIR FIBRE**

7/79 I,
EDAVANNAPARA

**Mob: 9745699944**

*With Best Compliments from:*

**GLOBAL FIBRES**

CHATHANKADAVU
VERTTIYAK
PERINGALAMROAD
KUNNMANGALAM
KOZHIKODE - 673 571

**Mob: 9895325745**

*With Best Compliments from:*

**PAN INDIA COIR**

THALIPPOYIL
(9/225,226,227,228,229)
NILAMBUR TALUK,
MALAPPURAM DIST

**Mob: 9846263860**

*With Best Compliments from:*

**NATIONAL COIR INDUSTRIES**

COIR FIBRE
MERCHANTS

KALPATHI,
KOODARANJI P.O
KOZHIKODE - 673 603

**Mob: 9447065328**

*With Best Compliments from:*

# PRAVASI COIR PRODUCTS

KUTTIKADAVU,
CHERUPPA
BUILDING 4/133C

**Mob: 8089601501**

*With Best Compliments from:*

# KUMAR FIBRES

TIRUR,
VETTOM-676 102

**Mob: 7510223390**

*With Best Compliments from:*

# MARHABA DF UNIT

CHUNDAMBATTA P.O
PALAKKAD DIS,
679 337

**Mob: 9744970696**

*With Best Compliments from:*

# QUALITY DF UNIT

CHEDEKKAL
P.OPERDALA,
KASARAGOD
BUILDING NO.11/61 A

**Mob: 9539552067**

*പേജ് 28ൽ നിന്നും തുടർച്ച*



*കായംകുളം കയർ പ്രോജക്ടിലെ കയർ ഭൂവസ്ത്ര സെമിനാറിൽ പങ്കെടുത്ത പ്രതിനിധികൾ.*

കയർ ഭൂവസ്ത്ര വിതാനത്തിൽ ഒന്നാം സ്ഥാനത്ത് എത്തിയ ആറാട്ടുപ്പുഴ ഗ്രാമ പഞ്ചായത്തിന് കയർ പ്രോജക്ട് ഓഫീസിന്റെ ഉപഹാരം രമേശ് ചെന്നിത്തല എം.എൽ.എയിൽ നിന്നും പ്രസിഡന്റ് സജീവനും സെക്രട്ടറിയും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എഞ്ചിനിയറും ചേർന്ന് ഏറ്റുവാങ്ങി.

പ്രോജക്ട് ഓഫീസർ ജി.കൃഷ്ണ പിള്ള സ്വാഗതവും അസി. രജിസ്ട്രാർ ഒ. സുനിൽകുമാർ നന്ദിയും പറഞ്ഞു. അതിഥികൾക്ക് ഉപഹാരങ്ങൾ നൽകിയത് പ്രത്യേകം ശ്രദ്ധേയമായി.

# കൊല്ലം ജില്ലയിൽ കയർ ഭൂവസ്ത്ര സെമിനാർ നടത്തി



*കൊല്ലം ജില്ലാ കയർ ഭൂവസ്ത്ര സെമിനാർ കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. സാം കെ. ഡാനിയേൽ ഉദ്ഘാടനം ചെയ്യുന്നു. കയർ വികസന അഡീണൽ ഡയറക്ടർ ഹെലൻ ജെറോം, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ. സുമലാൽ തുടങ്ങിയവർ സമീപം.*

**കൊ**ല്ലം കയർ പ്രോജക്ട് ഓഫീസിന്റെ ആഭിമുഖ്യത്തിൽ കൊല്ലം ജില്ലയിലെ കയർ ഭൂവസ്ത്ര വിതാന പദ്ധതി ഏക ദിന സെമിനാർ കൊല്ലം ജില്ലാ പഞ്ചായത്ത് ജയൻ മെമ്മോറിയൽ ഹാളിൽ വച്ച് നടന്നു. കൊല്ലം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ. സുമലാലിന്റെ അദ്ധ്യക്ഷതയിൽ നടന്ന സെമിനാർ കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. സാം കെ. ഡാനിയേൽ ഉദ്ഘാടനം ചെയ്തു. കയർ വികസന വകുപ്പ് അഡീഷണൽ ഡയറക്ടർ ഹെലൻ ജെറോം മുഖ്യപ്രഭാഷണം നടത്തി.

കൊല്ലം ജില്ലയിലെ 11 ബ്ലോക്ക് പഞ്ചായത്തിലേയും 68 ഗ്രാമ പഞ്ചായത്തിലെയും പ്രസിഡന്റുമാർ, സെക്രട്ടറിമാർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രതിനിധികൾ എന്നിവർ സെമിനാറിൽ പങ്കെടുത്തു.

2020-21 വർഷം ജില്ലയിൽ മികച്ച രീതിയിൽ കയർ ഭൂവസ്ത്ര വിതാന പദ്ധതി നടപ്പിലാക്കിയ ഏരൂർ, കടയ്ക്കൽ, പിറവന്തൂർ എന്നീ ഗ്രാമ പഞ്ചായത്തുകളെയും നടപ്പ് വർഷം മികച്ച രീതിയിൽ പദ്ധതി നടപ്പിലാക്കി വരുന്ന ഏരൂർ, പോരുവഴി, ശൂരനാട് സൗത്ത്, പട്ടാഴി വടക്കേക്കര എന്നീ ഗ്രാമ പഞ്ചായത്തുകളെയും ചടങ്ങിൽ ആദരിച്ചു.

കൊല്ലം ജില്ല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷൻ പ്രസിഡന്റും വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമായ ഹർഷകുമാർ കെ, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അസോസിയേഷൻ കൊല്ലം ജില്ലാ പ്രസിഡന്റും മയ്യനാട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റും കൂടിയായ ഷാഹിദ ജെ., പഞ്ചായത്ത് അസിസ്റ്റന്റ് ഡെപ്യൂട്ടി ഡയറക്ടർ അജയകുമാർ എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. തൊഴിലുറപ്പും കയർ ഭൂവസ്ത്ര സംയോജിത പദ്ധതിയും സാധ്യതകളും എന്ന വിഷയത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ, ജി. അനിൽ, കയർ ഭൂവസ്ത്രം ഉറപ്പിക്കുന്നതിനുള്ള മുളയാണിയെ കുറിച്ച് ബാംബു കോർപ്പറേഷൻ മെക്കാനിക്കൽ എഞ്ചിനീയർ വിഷ്ണു, കയർ ഭൂവസ്ത്രവിതാനം - സാങ്കേതികവശങ്ങൾ എന്ന വിഷയത്തെ സംബന്ധിച്ച് കേരളാ സ്റ്റേറ്റ് കയർ കോർപ്പറേഷൻ പ്രതിനിധി അശ്വിൻ എന്നിവർ ക്ലാസുകൾ നയിച്ചു.



*കൊല്ലം ജില്ല കയർ ഭൂവസ്ത്ര സെമിനാറിൽ കയർ വികസന വകുപ്പ് അഡീഷണൽ ഡയറക്ടർ ഹെലൻ ജെറോം മുഖ്യ പ്രഭാഷണം നടത്തുന്നു.*

തുടർന്ന് കയർ ഭൂവസ്ത്ര വിതാന പദ്ധതി പ്രകാരം ധാരണപത്രം ഒപ്പുവച്ചതനുസരിച്ചുള്ള ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി നവംബർ മുതൽ ഫെബ്രുവരി വരെയുള്ള മാസങ്ങളിൽ ഭൂവസ്ത്രത്തിന്റെ ഓർഡർ ലഭ്യമാക്കുന്നതു സംബന്ധിച്ചും പദ്ധതി നിർവഹണ തടസങ്ങൾ ദൂരികരിക്കുന്നതു സംബന്ധിച്ചും ഓരോ ബ്ലോക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത് പ്രതിനിധികളുടെ ഗ്രൂപ്പ് തരംതിരിച്ചുള്ള ചർച്ച നടത്തി.

കയർ ഭൂവസ്ത്ര വിതാന പദ്ധതി പ്രകാരം 2021-22ൽ ജില്ലയിലെ 68 ഗ്രാമ പഞ്ചായത്തുകളിൽ 10.03 കോടി രൂപയുടെ 1365545 ച: മീറ്റർ കയർ ഭൂവസ്ത്രം വിതാനിക്കുന്നതിന് ധാരണാപത്രം ഒപ്പുവയ്ക്കുകയും ഇതനുസരിച്ച് ധാരണാപത്ര പ്രകാരം 68 ഗ്രാമ പഞ്ചായത്തുകളിൽ നിന്ന് നാളിതുവരെ 3,68,610.22 ച: മീറ്റർ കയർ ഭൂവസ്ത്രത്തിന് കയർ കോർപ്പറേഷന് ഓർഡർ നൽകുകയുമുണ്ടായി. സെമിനാർ നടന്ന ദിവസം വരെ 5,87,021.7ച: മീറ്റർ കയർ ഭൂവസ്ത്ര പദ്ധതി നടപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ ചർച്ച ചെയ്തു തീരുമാനമെടുത്തു. മഴമൂലം വെള്ളക്കെട്ടായതിനാൽ പദ്ധതികൾ യഥാസമയം പൂർത്തീകരിക്കുന്നതിന് തടസമുണ്ടാകുന്നു എന്ന് ഗ്രൂപ്പു ചർച്ചയിൽ പ്രതിനിധികൾ അറിയിക്കുകയുണ്ടായി. ഈ തടസ്സം മാറിക്കിട്ടിയാൽ മാർച്ച് മാസത്തോടെ പദ്ധതി ലക്ഷ്യം പൂർത്തീകരിക്കുന്നതിന് സാധ്യമാകുമെന്നും ഉറപ്പു നൽകി.

കയർ കോർപ്പറേഷൻ, കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളുടെ ഉത്പന്നങ്ങളുടെ പ്രദർശന മേളയും കൊല്ലം ജില്ലയിലെ കയർ ഭൂവസ്ത്രവിതാനം നടത്തിയ പഞ്ചായത്തുകളുടെ ഫോട്ടോ പ്രദർശനവും സെമിനാറിനെ ആകർഷകമാക്കി. പതിവിൽ നിന്നും വിപരീതമായി പ്രതിനിധികൾക്ക് കയർ ഉത്പന്നങ്ങളടങ്ങിയ ഗിഫ്റ്റ് നൽകണമെന്നുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കയർ കോർപ്പറേഷന്റെ മാറ്റുകളടങ്ങിയ ഗിഫ്റ്റ് നൽകിയത് വേറിട്ട ഒരു അനുഭവമായി.കൊല്ലം കയർ പ്രോജക്ട് ഓഫീസർ സ്വാഗതവും അസി: രജിസ്ട്രാർ നന്ദിയും പറഞ്ഞു.

***(പത്തനംതിട്ട, കോട്ടയം, ഇടുക്കി, മലപ്പുറം, വയനാട്, പാലക്കാട് എന്നീ ജില്ലകളിലെ റിപ്പോർട്ട് അടുത്ത ലക്കത്തിൽ)***

# കയറും സഹകരണ പ്രസ്ഥാനവും സെമിനാർ




**കാ**ർത്തികപ്പള്ളി താലൂക്ക് സർക്കിൾ സഹകരണ യൂണിയനും മഹാദേവികാട് സി.വി.സി.എസും ചേർന്ന് 'കയറും സഹകരണ പ്രസ്ഥാനവും' എന്ന വിഷയത്തിൽ സെമിനാർ നടത്തി. കേരള ബാങ്ക് ഡയറക്ടർ ബോർഡംഗം എം. സത്യപാലൻ സെമിനാർ ഉദ്ഘാടനം ചെയ്തു.

സംസ്ഥാന സഹകരണ വാരാഘോഷത്തോടനുബന്ധിച്ചായിരുന്നു പരിപാടി. കെ.എൻ.തമ്പി അധ്യക്ഷനായി. കായംകുളം കയർ പ്രോജക്ട് ആഫീസർ ജി. കൃഷ്ണപിള്ള വിഷയം അവതരിപ്പിച്ചു. അസി. രജിസ്ട്രാർ ജി. ബാബുരാജ് ചർച്ച നയിച്ചു. കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് ഡയറക്ടർ കെ. കരുണാകരൻ, മഹാദേവികാട് സഹകരണ ബാങ്ക് പ്രസിഡന്റ് പി. ശ്രീവല്ലഭൻ എന്നിവർ പങ്കെടുത്തു. മഹാദേവികാട് കയർ വ്യവസായ സഹകരണ സംഘം സെക്രട്ടറി എം. ബീന സ്വാഗതം പറഞ്ഞു.

# KERALA PUBLIC SERVICE COMMISSION
# NOTIFICATION

**കാറ്റഗറി നമ്പർ : 514/2021**

**വിഭാഗം I (ജനറൽ കാറ്റഗറി)**

കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ താഴെപ്പറയുന്ന ഉദ്യോഗത്തിന് തെരഞ്ഞെടുക്കപ്പെടുന്നതിന് നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും ഓൺലൈനിലൂടെ ഒറ്റത്തവണ രജിസ്ട്രേഷൻ വഴി അപേക്ഷകൾ ക്ഷണിക്കുന്നു.

| | | |
|---|---|---|
| സ്ഥാപനം | : | കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ് |
| ഉദ്യോഗപ്പേര് | : | പ്ലാന്റ് എഞ്ചിനീയർ (മെക്കാനിക്കൽ) |
| ശമ്പളം | : | ₹ 22800-48000 /- |
| ഒഴിവുകളുടെ എണ്ണം | : | 01 (ഒന്ന്) |

**നിയമനരീതി :** നേരിട്ടുള്ള നിയമനം

**പ്രായപരിധി** : 18 - 40. ഉദ്യോഗാർത്ഥികൾ 02/01/1981` നും 01/01/2003 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പടെ). മറ്റ് പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/പട്ടികവർഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃതം അനുവദനീയമായ വയസ്സിളവ് ലഭിക്കുന്നതാണ്. (വയസ്സിളവിനെ

**യോഗ്യതകൾ:**

1)കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാല അംഗീകരിച്ചിട്ടുള്ള മെക്കാനിക്കൽ എഞ്ചിനീറിംഗിലുള്ള ബിരുദം .

2)റബറൈസ്ഡ് കയർ മേഖലയിലോ റബ്ബർ പ്രോസസ്സിംഗ് വ്യവസായത്തിലോ സൂപ്പർവൈസർ കേഡറിലുള്ള 2 വർഷത്തെ പ്രവൃത്തി പരിചയം .

അല്ലെങ്കിൽ

1)കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാല അംഗീകരിച്ചിട്ടുള്ള മെക്കാനിക്കൽ എഞ്ചിനീറിംഗിലുള്ള ഡിപ്ലോമ

2)റബ്ബറൈസ്ഡ് കയർ മേഖലയിലോ റബ്ബർ പ്രോസസ്സിംഗ് വ്യവസായത്തിലോ സൂപ്പർവൈസർ കേഡറിലുള്ള 5 വർഷത്തെ പ്രവൃത്തി പരിചയം .

**അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി : 22.12.2021** ബുധനാഴ്ച രാത്രി 12 മണി വരെ.

**അപേക്ഷ അയക്കേണ്ട മേൽവിലാസം :** www.keralapsc.gov.in

***വിശദവും ആധികാരികവുമായ വിവരങ്ങൾക്ക് പി.എസ്.സി പ്രസിദ്ധീകരിച്ചിട്ടുള്ള ഒറിജിനൽ വിജ്ഞാപനവുമായി ഒത്തുനോക്കേണ്ടതാണ്***

# KERALA PUBLIC SERVICE COMMISSION

**RANKED LIST FOR THE POST OF MATERIALS MANAGER ON ₹4,880-10,580/- (PR) IN KERALA STATE CO-OPERATIVE COIR MARKETING FEDERATION LIMITED**

**NOTIFICATION**

**Ranked List No. 407/2021/SSIV** **Cat.No. 068/2019**

The following is the list of candidate for selection to the post of **MATERIALS MANAGER ON ₹4,880-10,580/- (PR) IN KERALA STATE CO-OPERATIVE COIR MARKETING FEDERATION LIMITED** interviewed and found suitable by the Commission and arranged in the order of merit. This Ranked List is brought into force with effect from **23.11.2021.**

| Rank | Sl. No. | Name | Marks | | | Date of Birth | Community | Remarks |
|---|---|---|---|---|---|---|---|---|
| | | | Interview | Wtg | Total | | | |
| 1 | 1 | JOMON JOSE E | 62 | - | 62 | 26.09.1990 | | |

**NOTE (1)**: The Ranked List will be in force till the publication of a new Ranked List after the expiry of a minimum period of one year or till the expiry of three years whichever is earlier. Candidates will be advised for appointment in accordance with the rules and orders regarding reservation and rotation as amended from time to time, if applicable, against vacancies reported to the Commission during the pendancy of this list. As the advice for appointment depends on the occurrence of vacancies, there is no guarantee that all candidates included in the list will secure appointment. The candidates remaining in the list at the time of cancellation will have no claim at all for appointment on the basis of the inclusion of their names in the list.

**NOTE (2)** "Any candidate can relinquish his/her right for appointment in writing duly attested by a Gazetted Officer of State/Central Government with signature, name, designation and office seal along with a notarized affidavit and a self attested copy of an ID Proof bearing photograph as enlisted in the General conditions. The request for relinquishment received within 15 days from the date of publication of Ranked List in the Official website of the Commission will be honoured against the requisitions of vacancies that are pending with the Commission upto the finalisation of Ranked List. After the publication of the Ranked List, the request for relinquishment will be considered only if such request is received on or before the date of receipt of requisition based on which he/she is to be advised".

(By order of the Commission)

**SAJU GEORGE**
**SECRETARY**
**KERALA PUBLIC SERVICE COMMISSION**

**(APPROVED FOR ISSUE)**

**Sd/-**

**SECTION OFFICER, SSIV**

# കയർ രണ്ടാം പുനഃസംഘടന: തൃശൂരിന്റെ വിജയഗാഥ




**ക**യർ വ്യവസായ മേഖല കേരളത്തിന്റെ ഏറ്റവും വലിയ പരമ്പരാഗത വ്യവസായ രംഗമാണ്. അധ്വാനിക്കാൻ മനസുണ്ടെങ്കിൽ വിജയം ഉറപ്പ് എന്നാണ് തൃശൂർ കരൂർ പടന്ന വള്ളിവട്ടം എന്ന കയർ വ്യവസായ സംഘം നമുക്ക് അവരുടെ കൂട്ടായ പ്രവർത്തനത്തിലൂടെ വെളിപ്പെടുത്തി തരുന്നത്.

ഒരിക്കൽ നിർത്തലാക്കാൻ ആലോചിച്ച തൃശൂർ പ്രോജക്ട് ഇന്ന് സഹകരണ സംഘങ്ങളിൽ മാത്രം 12 ചകിരി മില്ലുകൾ സ്ഥാപിച്ച് സ്വന്തമായി ചകിരി ഉത്പാദിപ്പിക്കുന്നു.




*കായംകുളം ആറാട്ടുപ്പുഴ കരീത്ര സി.വി.സി.എസ്. 648ൽ ആട്ടോമാറ്റിക്ക് കയർപിരി പരിശീലനം ഉദ്ഘാടനം ചെയ്തപ്പോൾ.*



*കേരള സംസ്ഥാന സഹകരണ പെൻഷൻ ബോർഡ് ആലപ്പുഴ കയർ പ്രോജക്ടിന്റെ ആഭിമുഖ്യത്തിൽ കയർ സഹകരണ സംഘം ജീവനക്കാർക്കായി സംഘടിപ്പിച്ച പെൻഷൻ ശില്പശാല.*

# ആർ. അരുൺ കയർഫെഡ് ഫൈനാൻസ് മാനേജർ

കയർഫെഡിന്റെ ഫൈനാൻസ് മാനേജരായി കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖാന്തരം അരുൺ രാജേന്ദ്രൻ നിയമിതനായി. കയർഫെഡ് ഫൈനാൻസ് മാനേജരുടെ തസ്തിക രണ്ടര പതിറ്റാണ്ടോളമായി ഒഴിഞ്ഞു കിടക്കുകയായിരുന്നു. 1995ൽ കയർഫെഡിലെ നിയമനം പി.എസ്.സിക്ക് വിട്ടെങ്കിലും നിയമന ചട്ടം അംഗീകരിച്ച് ഉത്തരവാകുവാൻ വർഷങ്ങൾ കാത്തിരിക്കേണ്ടി വന്നതാണ് ഫൈനാൻസ് മാനേജരുടെ സ്ഥിരനിയമനം നടക്കാൻ കാലതാമസം നേരിടുവാനുള്ള പ്രധാന കാരണം.

ഒന്നാം പിണറായി സർക്കാരിന്റെ കാലത്താണ് നിലവിലുള്ള കയർഫെഡ് ഭരണസമിതിയുടെ അശ്രാന്ത പരിശ്രമം മൂലം 2017 നവംബറിൽ നിയമന ചട്ടം അംഗീകരിച്ച് വിജ്ഞാപനം ചെയ്യാനായത്. ഇതിനെത്തുടർന്ന് കയർഫെഡ് മാനേജീരിയൽ തസ്തികയിലെ പ്രധാനപ്പെട്ട ഒരു തസ്തികയായ ഫൈനാൻസ് മാനേജരുടെ ഒഴിവ് 20.7.2018ൽ കൂടിയ കയർഫെഡ് ബോർഡ് യോഗത്തിന്റെ 252-ാം നമ്പർ തീരുമാനപ്രകാരം പി. എസ്.സിക്ക് റിപ്പോർട്ട് ചെയ്തു. തുടർന്ന് പി എസ് സിയുമായി നിരന്തരം നടത്തിയ സമ്പർക്കത്തിന്റെ ഫലമായി 2019 ൽ ഈ തസ്തികയിലേയ്ക്ക് പി.എസ്.സി വിജ്ഞാപനം പുറപ്പെടുവിക്കുകയും റാങ്ക് ലിസ്റ്റ് തയാറാക്കി 2021 ൽ അഡ്വൈസ് നൽകുകയും ചെയ്തു. കയർഫെഡ് നിയമന ഉത്തരവ് നൽകിയതിനെ തുടർന്നു ആർ. അരുൺ, കയർഫെഡിന്റെ ഫൈനാൻസ് മാനേജരായി 15.11.2021 ൽ ചുമതലയേറ്റെടുത്തു.



കയർഫെഡിലെ ഫൈനാൻസ് മാനേജരുടെ വിദ്യാഭ്യാസ യോഗ്യത സി.എ./ ഐ.സി.ഡബ്ലിയു. എയും പ്രമുഖ ബിസിനസ് സ്ഥാപനത്തിൽ ഫൈനാൻസ് ആൻഡ് അക്കൗണ്ട്സിൽ മൂന്നു വർഷത്തെ പ്രവർത്തി പരിചയവും ആണ്. കൊല്ലം സ്വദേശിയായ അരുൺ ഐ.സി.ഡബ്ലിയു.എ യോഗ്യതയും Coal India ltd എന്ന സ്ഥാപനത്തിൽ ഡെപ്യൂട്ടി ഫൈനാൻസ് മാനേജരായി 10 വർഷത്തെ സേവന പരിചയവുമുള്ള ഉദ്യോഗസ്ഥനുമാണ്



*കയർ, വ്യവസായ, നിയമ മന്ത്രി പി. രാജീവ് ഐ.ഐ.റ്റി.എഫ്. 2021ലെ കേരള പവലിയൻ സന്ദർശിച്ചപ്പോൾ.*


## പ്രത്യേക ക്യാഷ് പ്രൈസ്

കയർഫെഡിന്റെ മുഖമാസികയായ കയർ വ്യവസായം 1998 മുതലാണ് പ്രസിദ്ധീകരണം ആരംഭിച്ചത്. പിന്നീട് കുറെക്കാലം പ്രസിദ്ധീകരണം നിലച്ചിരിക്കുകയായിരുന്നു. ഇപ്പോൾ കെട്ടിലും മട്ടിലും പുതുമയോടുകൂടി മാസിക പ്രസിദ്ധീകരിച്ചു വരുന്നു. വാർഷിക വരിസംഖ്യ 400 രൂപയാണ്. 20 വർഷങ്ങൾക്കു മുൻപുള്ള ലക്കങ്ങൾ കൈവശമുള്ളവർക്ക് കയർഫെഡ് ഭാഗ്യസമ്മാനങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. നിങ്ങളുടെ കൈവശമുള്ള കയർ വ്യവസായം മാസികയുടെ പഴയ ലക്കം നൽകുന്നവർക്ക് മാസികയുടെ ഒരു വർഷത്തേക്കുള്ള സൗജന്യ വരിസംഖ്യയും 500 രൂപ പ്രത്യേക ക്യാഷ് പ്രൈസും നൽകുന്നതാണ്. ഈ സൗജന്യം പരിമിതകാലത്തേക്ക് മാത്രം. വിശദവിവരങ്ങൾക്ക് ഉടനടി ബന്ധപ്പെടുക.

**മാനേജിംഗ് എഡിറ്റർ, കയർവ്യവസായം**
**കയർഫെഡ്, പി.ബി.നമ്പർ.4616, ആലപ്പുഴ-688012**
**ഫോൺ-0477 2243628, 8281009833**

*With Best Compliments from:*

**WESTERN FIBRE PRODUCTS**

YEREPPAKATTA P.O
ULLODY, CHERLADKA
MANYA RD,
KASARAGODE 671 321

**Mob: 04994297794**

*With Best Compliments from:*

**CALICUT COCO PRODUCTS**

CHUNDAKUNNU,
MAYIKKAVU P.O
THAMARASSERY,
KOZHIKODE 673 573

**Mob: 9995014148**

# കയർഫെഡിന്റെ അന്യസംസ്ഥാന ഷോറൂമുകൾ




കയർഫെഡിന്റെ സിലിഗുരി ഷോറൂം




കയർഫെഡിന്റെ പോണ്ടിച്ചേരി ഷോറൂം

## COIR DEVELOPMENT DEPARTMENT AND COIRFED ETC CONTACT DIRECTORY

| Sl No | Name | Office | Mobile |
|---|---|---|---|
| **I.** | **Coir Development Dept.** | | |
| 1 | Sri. Rajesh Kumar Sinha IAS<br>Principal Secretary, Coir | 0471 2517395 | |
| 2 | Sri.V.R.Vinod IAS,<br>Director of Coir Development | 0471-2322046 | 9400593500 |
| 3 | Shri. N.Padmakumar,<br>Special Officer (Coir) | 0471-2322046 | |
| 4 | Smt. Helen Jerome, ADCD | 0471-2322046 | |
| 5 | Shri. Byju Kumar.S, Under Secretary (Coir) | 0471-2518481 | 9447066257 |
| 6 | Smt. Sreelekha.S, Section Officer, Coir | 0471-2518032 | 9447782904 |
| 7 | Shri.Thomas John, D.R,<br>Coir Development Dept. | 0471-2322046 | 9447245611 |
| II | Coir Project Offices | | |
| 1 | Shri.Sreekumar.B, Chirayinkeezh | 0470-2626581 | 8289807351 |
| 2 | Shri.Benedict Nixon, Kollam | 0474-2793412 | 9809016005 |
| 3 | Shri.G.Krishnapillai, Kayamkulam | 0479-2442469 | 9446071531 |
| 4 | Shri.Sasikumar.S, Alappuzha | 0477-2245268 | 9567323035 |
| 5 | Smt.S. Sudha Varma, Vaikom | 04829-231371 | 9446000377 |
| 6 | Smt. Indira K.M , North Paravoor | 0484-2442533 | 9495016149 |
| 7 | Shri.Sojan. C.R, Thrissur | 0487-2423047 | 9497193550 |
| 8 | Shri.Saseendran B, Ponnani | 0494-2666029 | 9496176030 |
| 9 | Shri.Suresh Babu, Kozhikkode | 0495-2768460 | 9446079538 |
| 10 | Shri.Sivasankaran i/c, Kannur | 0497-2705034 | 9744720375 |
| III | Coirfed Head Office | | |
| 1 | Sri. C. Suresh Kumar, Managing Director | 0477 - 2244109 | 9447484109 |
| 2 | Shri. B. Sunil, General Manager | 8281009870 | 9400149478 |
| 3 | Shri.Prakash K S, Dy.Finance Manager | 8281009820 | |
| 4 | Shri. V.N.Sasikumar, Asst.Finance Manager | 8281009819 | 9446428296 |
| 5 | Shri. Anuraj. M, Marketing Manager (P) | 8281009840 | 9895365558 |
| 6 | Shri. Sreevardhan Namboothiri. S<br>Marketing Manager(Y) | 8281009817 | 8850677769 |
| 7 | Shri. Anil Kumar.S, Marketing Manager | 8281009828 | 7012602633 |
| 8 | Shri. S.Jayaprakash, Asst. Finance Manager | 8281009841 | 9745372148 |
| 9 | Shri.N.S.Mohandas, Liaison Officer & PRO | 8281009833 | 9497339180 |
| 10 | Shri. Vinesh.S, Development Officer | 8330010736 | 9400599236 |
| 11 | Regional Officer, Alappuzha | 0477-2246272 | 8281009832 |
| 12 | Shri.D.Sajeev, Regional Officer, Kollam | 0474-2793543 | 8281009829 |
| 13 | Shri. Harish. V, Regional Officer, Kochi | 0484-2224649 | 8281009843 |
| 14 | Sri.T.K Jeevanandan, R.O, Kozhikode | 0495-2360274 | 8281009844 |
| 15 | Shri. P.Prajeesh, P A to President & MD | 8281009842 | 9446271700 |
| 16 | Sri.BabuVijayanath, Depot Manager,<br>Alappuzha | 8281009872 | 9847222027 |
| 17 | Shri. N.K.Baby Materials Manager | 8281009834 | 9495873599 |
| 18 | Shri. M.P.Narayanan Nair, Prod. Supervisor | 8281009835 | |
| 19 | Shri.V K Shine Stores Supervisor | 8281009818 | 8547524185 |
| 20 | Shri.T.N.Vinod Kumar, Manager, RB Unit | | 9497635914 |
| 21 | Shri.Nagappan, Dispatch Supervisor,<br>PVCT Unit | 8330010737 | 8075250903 |
| 22 | Central Stores Manager | 0477-2242471 | |

Coirfed

## പാരമ്പര്യത്തിന്റെ കൃത്യതയും പ്രകൃതിയുടെ
## സൗഭാഗ്യവും ചേർന്ന കയർഫെഡ് ഉൽപന്നങ്ങൾ




THE KERALA STATE CO-OPERATIVE COIR MARKETING FERDERATION Ltd. No.679, P.B.No.4616, Alappuzha, Kerala, India
Website: www.coirfed.com, www.coirfed.kerala.gov.in, Email: coirfedho@gmail.com, mdcoirfed2gmail.com
Tel: 0477 2243627, 2243628, 2243629, 2244109(D)

RNI.68938/98, Reg.No.KL/ALP/150/98, Date of Publication 30-11-2021, November 2021




**THE KERALA STATE CO-OPERATIVE COIR MARKETING FEDERATION Ltd.** No.679, P.B.No.4616, Alappuzha,Kerala
**Tel: 0477 2243627, 2243628 , 2243629** Web: www.coirfed.in Email: coirfedho@gmail.com, mdcoirfed@gmail.com

Head Office. No : +91 8281009840, +91 8281009828, +91 9495605091 | Alappuzha : 8281009856 | Kayamkulam : 8281009850 Chengannur : 8281009854
Mavelikkara : 8281009852 | Nangiyarkulangara : 8281009853 | Kanichukulangara : 9400725013 | Ernakulam : 8281009858 | Kannur : 8281009864
Kollam : 8281009849 | Parippally : 8281009848 | Kottayam : 8281009857 | Kozhikode : 8281009863 | Pathanamthitta : 8281009873 | Palakkad : 8281009826
Sulthan Batherry : 8281009865 | Chalakkudy : 8281009859 | Tirur : 8281009861 | Trida (Tvm) : 8281009846 | Ananthapuri (Tvm) : 8281009847
Narmada (Tvm) : 8281009845 Sreekaryam (Tvm) : 9349109251

---

Printed and published by Adv. N. Saikumar, President for and on behalf of The Kerala State Co-operative Coir Marketing Federation Ltd. No. 679 (Coirfed), P.B.No. 4616, Alappuzha-688012, Ph: 0477 2243628.
Printed at Alleppey Offset Printers, Thathampally P.O, Alappuzha, Ph: 0477 2234705